# ഗാർഹിക അതിക്രമങ്ങളിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനുള്ള നിയമം 2005

സമത്വം, സ്വാതന്ത്ര്യം തുടങ്ങിയ അവകാശങ്ങൾ കൂടാതെ, ജീവിക്കുവാനുള്ള അവകാശം, ജോലി സ്വീകരിക്കുവാനുള്ള അവകാശം, വിവേചനങ്ങൾക്കെതിരെയുള്ള അവകാശം, വിദ്യാഭ്യാസം ലഭിക്കുവാനുള്ള അവകാശം തുടങ്ങി ഭരണഘടന വാഗ്ദാനം ചെയ്തിട്ടുള്ള മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ നിയമം. കുടുംബത്തിനുള്ളിൽ സംഭവിക്കുന്ന അക്രമം, വിവേചനം തുടങ്ങിയവയിൽനിന്നും വനിതകളെ സംരക്ഷിക്കുന്നതിന് ഈ നിയമം ലക്ഷ്യമിടുന്നു.

## അദ്ധ്യായം I

## പ്രാരംഭം

**1. പേരും ചുരുക്കപ്പേരും**

1. ഈ നിയമത്തിന് ഗാർഹിക അതിക്രമങ്ങളിൽ നിന്ന് വനിതകളെ സംരക്ഷിക്കുന്നതിനുള്ള നിയമം 2005 എന്ന് വിളിക്കാവുന്നതാണ്.
2. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപന പ്രകാരം 26.10.2006-ന് നിലവിൽ വന്നിട്ടുണ്ട്.

**2. നിർവ്വചനങ്ങൾ**

(എ) 'അതിക്രമത്തിനിരയായവൾ' എന്നാൽ എതിർകക്ഷിയുമായി കുടുംബബന്ധം ഉള്ളതും ഗാർഹിക അതിക്രമത്തിന് ഇരയായിട്ടുള്ളതുമായ വനിത എന്നർത്ഥം.

(ബി) 'കുട്ടി'യെന്നാൽ ദത്തെടുത്തതോ, പരജാതയോ, വളർത്തുകുട്ടിയോ ഉൾപ്പെടെ 18 വയസ്സിനു താഴെയുള്ള ഏതൊരാളും എന്നർത്ഥം.

(സി) 'നഷ്ടപരിഹാര ഉത്തരവ്' എന്നാൽ 22-ാം വകുപ്പു പ്രകാരം അനുവദിച്ചത് എന്നർത്ഥമാക്കാം.

(ഡി) 'സംരക്ഷണ ഉത്തരവ്' എന്നാൽ 21-ാം വകുപ്പുപ്രകാരം അനുവദിച്ചത് എന്നർത്ഥമാക്കാം.

(ഇ) 'ഗാർഹിക സംഭവ റിപ്പോർട്ട്' എന്നാൽ ഗാർഹികാതിക്രമത്തെക്കുറിച്ച് പരാതിക്കാരിയിൽനിന്നും ലഭിച്ച പരാതി നിർദ്ദിഷ്ട ഫാറത്തിൽ തയ്യാറാക്കിയത് എന്നർത്ഥം.

(എഫ്) 'കുടുംബബന്ധം' എന്നാൽ രക്തബന്ധം, വിവാഹം, വിവാഹസമാനമായ ബന്ധം, ദത്തെടുക്കൽ, കൂട്ടുകുടുംബം തുടങ്ങിയ കാരണങ്ങളാൽ എപ്പോഴെങ്കിലും ഒരു കൂരയ്ക്ക് കീഴിൽ താമസിച്ചതുമൂലമുണ്ടായ ബന്ധം എന്നർത്ഥമാക്കാം.

(ജി) 'ഗാർഹികാതിക്രമം' എന്നതിന് 3-ാം വകുപ്പിൽ കൊടുത്തിരിക്കുന്ന അതേ അർത്ഥമാകുന്നു.

(എച്ച്) 'സ്ത്രീധനം' എന്നതിന് 1951-ലെ സ്ത്രീധന നിരോധന നിയമത്തിലെ 2-ാം വകുപ്പിൽ കൊടുത്തിരിക്കുന്ന അതേ അർത്ഥമാണ്.

(ഐ) 'മജിസ്ട്രേറ്റ്' എന്നാൽ ഗാർഹിക അതിക്രമത്തിന് ഇരയായ വ്യക്തി താല്ക്കാലികമോ അല്ലാതെയോ താമസിക്കുന്ന സ്ഥലത്തോ, എതിർകക്ഷി താമസിക്കുന്നിടത്തോ, അല്ലെങ്കിൽ ഗാർഹിക അതിക്രമം നടന്നതായി ആരോപിക്കുന്ന സ്ഥലത്തോ അധികാരപരിധിയുള്ള ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് എന്നർത്ഥമാകുന്നു.

(ജെ) 'ചികിത്സാ സൗകര്യം' എന്നാൽ ഈ നിയമം നടപ്പിലാക്കുന്നതിനായി നിഷ്കർഷിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സൗകര്യങ്ങൾ എന്നർത്ഥം.

(കെ) 'സാമ്പത്തിക സഹായം' എന്നാൽ ഗാർഹിക അതിക്രമത്തിനിരയായ ആൾക്ക് അതിക്രമം മൂലമുണ്ടായ നഷ്ടത്തിനോ, ചെലവുകൾക്കോ വേണ്ടി എതിർകക്ഷി പരാതിക്കാരിക്ക് നൽകണമെന്ന് കോടതി വിചാരണ വേളയിലെപ്പോഴെങ്കിലും ഉത്തരവിടുന്ന തുക.

(എൽ) 'വിജ്ഞാപനം' എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചത് എന്നർത്ഥം.

(എം) 'നിഷ്കർഷിക്കപ്പെട്ടത്' എന്നാൽ ഈ നിയമത്തിന്റെ ചട്ടങ്ങളിൽ പറയുന്നത് എന്നർത്ഥം.

(എൻ) 'പ്രൊട്ടക്ഷൻ ഓഫീസർ' എന്നാൽ ഈ നിയമത്തിലെ 8 (1)-ാം വകുപ്പ് പ്രകാരം സർക്കാർ നിയമിക്കുന്നയാൾ എന്നർത്ഥം.

(ഒ) 'പ്രൊട്ടക്ഷൻ ഓർഡർ' എന്നാൽ ഈ നിയമത്തിൽ 18-ാം വകുപ്പ് പ്രകാരമുള്ള ഉത്തരവ് എന്നർത്ഥം.

(പി) 'റസിഡൻസ് ഓർഡർ' എന്നാൽ ഈ നിയമത്തിലെ 19 (1) വകുപ്പ് പ്രകാരമുള്ള ഉത്തരവ് എന്നർത്ഥം.

(ക്യൂ) 'എതിർകക്ഷി' എന്നാൽ ഗാർഹിക അതിക്രമത്തിനിരയായ വ്യക്തിയുമായി കുടുംബബന്ധത്തിലിരുന്നതോ ഇരിക്കുന്നതോ ആയ പ്രായപൂർത്തിയായ പുരുഷൻ എന്നർത്ഥം. എന്നാൽ അതിക്രമത്തിനിരയായ സ്ത്രീക്ക് ഭർത്താവിനോ, വിവാഹബന്ധ സ്വഭാവത്തിൽ ജീവിക്കുന്ന ആൾക്കോ എതിരെയും കൂടാതെ ഇവരുടെ ബന്ധുക്കൾക്കെതിരെയും പരാതി കൊടുക്കാം. അതായത് ഭർത്താവിന്റെ അല്ലെങ്കിൽ പുരുഷ പങ്കാളിയുടെ ബന്ധുവിൽനിന്നുള്ള പീഡനവും ഈ നിയമപ്രകാരം കുറ്റകരമാണ്.

(ആർ) 'സർവ്വീസ് പ്രൊവൈഡർ' എന്നാൽ 10 (1)-ാം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സ്ഥാപനം എന്നർത്ഥം.

(എസ്) 'ഒന്നിച്ച് താമസിച്ച വീട്' എന്നാൽ ഗാർഹിക അതിക്രമത്തിനിരയായ ആൾ താമസിക്കുന്ന ഇടം അല്ലെങ്കിൽ ഏതെങ്കിലും ഒരു സന്ദർഭത്തിൽ എതിർകക്ഷിയുമായി താമസിച്ചിട്ടുള്ളയിടം എന്നർത്ഥം. ഇത് വാടകയ്ക്കോ ഇരുകക്ഷികൾക്കും ഒറ്റയ്ക്കോ കൂട്ടായോ അവകാശമോ അധികാരമോ താല്പര്യമോ ഉള്ള വീടുമാകാം.

(ടി) 'ഷെൽട്ടർ ഹോം' എന്നാൽ ഈ നിയമം നടപ്പിലാക്കേണ്ടതിനുവേണ്ടി സർക്കാർ വിജ്ഞാപനം വഴി നിലവിൽ വന്നിട്ടുള്ള ഭവനം എന്നർത്ഥം.

## അദ്ധ്യായം II

## ഗാർഹിക അതിക്രമം

### 3. ഗാർഹിക അതിക്രമത്തിന്റെ നിർവചനം

എതിർകക്ഷിയുടെ ഏതെങ്കിലും പെരുമാറ്റം, ഉപേക്ഷ, നടപടി അല്ലെങ്കിൽ ചെയ്തി താഴെ പറയും പ്രകാരമാണെങ്കിൽ അവ ഗാർഹിക അതിക്രമമായിരിക്കും.

(എ) മാനസികമോ, ശാരീരികമോ ആയി പരാതിക്കാരിയായ ആളിനെ ഉപദ്രവിക്കുകയോ മുറിവേൽപ്പിക്കുകയോ, ആരോഗ്യസുരക്ഷ, ജീവൻ, ശാരീരികാവയവങ്ങൾ, സ്വാസ്ഥ്യം എന്നിവ അപകടത്തിലാക്കുകയോ അതിനൊരുമ്പെടുകയോ ചെയ്യുന്നത്. ശാരീരികമായും ലൈംഗികമായും വാചികമായും വൈകാരികമായും സാമ്പത്തികമായും ചൂഷണം ചെയ്യുന്നത് ഇതിലുൾപ്പെടും.

(ബി) സ്ത്രീധനം, മറ്റു സ്വത്തുക്കൾ, വിലയുള്ള ജാമ്യം എന്നീ നിയമവിരുദ്ധ കാര്യങ്ങൾ നേടുന്നതിന് പരാതിക്കാരിയെയോ അവരുമായി ബന്ധമുള്ള മറ്റേതെങ്കിലും വ്യക്തിയെയോ ശല്യംചെയ്യുകയോ ദ്രോഹിക്കുകയോ പരിക്കുപറ്റിക്കുകയോ ചെയ്യുന്ന പ്രവൃത്തികൾ.

(സി) എ, ബി. എന്നീ വകുപ്പുകളിൽ പരാമർശിക്കുന്ന പെരുമാറ്റംമൂലം പരാതിക്കാരിക്കോ അവരുടെ ബന്ധുവിനോ ഭീതിജനകമായ അവസ്ഥയുണ്ടാക്കുക.

(ഡി) മറ്റേതെങ്കിലും തരത്തിൽ പരാതിക്കാരിക്ക് ശാരീരികമോ, മാനസികമോ ആയി ഉപദ്രവം, ക്ഷതം, ക്ലേശം എന്നിവ ഉണ്ടാക്കുന്നത്.

**വിശദീകരണം I**

ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി

(i) 'ശാരീരിക ദുരുപയോഗം' എന്നാൽ പരാതിക്കാരിയെ ശാരീരികമായി വേദനിപ്പിക്കുക, ജീവനും ശാരീരികാവയവങ്ങൾക്കും ക്ഷതം സംഭവിക്കുക, വളർച്ചയ്ക്കും വികാസത്തിനും തടസ്സം സൃഷ്ടിക്കുക തുടങ്ങിയവയ്ക്ക് കാരണമാകുന്ന ഏതെങ്കിലും നടപടിയോ പെരുമാറ്റമോ ആകുന്നു. കയ്യേറ്റം, കുറ്റകരമായ ഭീഷണി, ബലപ്രയോഗം എന്നിവ ഇതിലുൾപ്പെടും.

(ii) 'ലൈംഗിക ദുരുപയോഗം' എന്നതിൽ വനിതയുടെ അന്തസ്സിന് കളങ്കം വരുത്തുന്ന തരത്തിൽ തെറിവിളിക്കുക, നാണം കെടുത്തുക, തരംതാഴ്ത്തുക എന്നിവ ലക്ഷ്യമാക്കി ലൈംഗിക ചുവയുള്ള പെരുമാറ്റം.

(iii) 'വാക്കാലും', 'വൈകാരികവും' ആയ പീഡനത്തിൽ ഉൾപ്പെടുന്നത്.

(എ) കുത്തുവാക്ക് പറയുക, അധിക്ഷേപിക്കുക, ചീത്തവിളിക്കുക, മച്ചിയെന്നോ, ആൺകുട്ടിയില്ലത്തവൾ എന്നോ വിളിച്ച് അധിക്ഷേപിക്കുക, കളിയാക്കുക.

(ബി) പരാതിക്കാരിക്ക് താല്പര്യമുള്ള മറ്റേതെങ്കിലും വ്യക്തിയെ ശാരീരികമായി ഉപദ്രവിക്കുമെന്ന് ആവർത്തിച്ചാവർത്തിച്ച് അധിക്ഷേപിക്കുക, കളിയാക്കുക, ഭീഷണിപ്പെടുത്തുക.

(iv) 'സാമ്പത്തിക ദുർവിനിയോഗം' എന്നതിൽ

(എ) പരാതിക്കാരിക്ക് നിയമപരമായോ നാട്ടുനടപ്പ് വഴിയോ, കോടതി ഉത്തരവ് മുഖേനയോ, മറ്റുരീതിയിലോ അവകാശപ്പെട്ട സ്വത്ത് മുഴുവനായോ ഭാഗികമായോ തട്ടിച്ചുമാറ്റുക.

(ബി) പരാതിക്കാരിക്ക് നിയമപരമായി അവകാശപ്പെട്ടതോ ആവശ്യമുള്ളതോ ആയ സ്ഥാവരജംഗമ വസ്തുക്കൾ, ഷെയറുകൾ, ജാമ്യപത്രങ്ങൾ, ബോണ്ടുകൾ, വിലപിടിപ്പുള്ള വസ്തുക്കൾ, മറ്റു സ്വത്തുക്കൾ എന്നിവ അന്യാധീനപ്പെടുത്തുക.

(സി) വിവാഹബന്ധംമൂലം പരാതിക്കാരിക്ക് അനുഭവിക്കാൻ അവകാശപ്പെട്ട സൗകര്യങ്ങൾ തുടർന്നും ലഭ്യമാക്കുന്നതിന് നിയന്ത്രണമോ നിരോധനമോ ഏർപ്പെടുത്തുന്നത്. പരാതിക്കാരിക്ക് പാർപ്പിട സൗകര്യം ഇതിനാൽ നിഷേധിക്കാൻ പാടില്ല.

**വിശദീകരണം II**

'ഗാർഹിക അതിക്രമം' എന്ന നിർവചനത്തിൽ ഉൾപ്പെടുത്തുന്നതിന് എതിർകക്ഷിയുടെ ഏതെങ്കിലും പ്രവൃത്തി, പെരുമാറ്റം, ഉപേക്ഷ അല്ലെങ്കിൽ വീഴ്ചകൊണ്ട് എന്ന് തീരുമാനിക്കുമ്പോൾ കാര്യത്തിന്റെ എല്ലാ വസ്തുതകളും സംഭവത്തിനാസ്പദമായ സാഹചര്യങ്ങളും പരിഗണിക്കേണ്ടതാണ്.

### അദ്ധ്യായം III

## പ്രൊട്ടക്ഷൻ ഓഫീസർ, സേവനദാതാക്കൾ തുടങ്ങിയവരുടെ അധികാരങ്ങളും ചുമതലകളും

4. (1) ഒരു ഗാർഹിക അതിക്രമം നടന്നുവെന്നോ, നടക്കുന്നുവെന്നോ, അല്ലെങ്കിൽ നടക്കാൻ സാധ്യത ഉണ്ടോ എന്ന് അറിയാവുന്ന ഏതൊരാൾക്കും പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രൊട്ടക്ഷൻ ഓഫീസറെ അറിയിക്കാവുന്നതാണ്.

(2) ഉത്തമ വിശ്വാസത്തോടെ ഒന്നാം ഉപവകുപ്പുപ്രകാരം വിവരം നൽകുന്ന ആൾക്കെതിരെ ഒരു നടപടിയും എടുക്കുന്നതല്ല.

## 5. *പോലീസ് ഉദ്യോഗസ്ഥർ, സർവീസ് പ്രൊവൈഡർ, മജിസ്ട്രേറ്റ് എന്നിവരുടെ ചുമതലകൾ*

ഒരു പോലീസ് ഓഫീസറോ, സർവീസ് പ്രൊവൈഡറോ, മജിസ്ട്രേറ്റോ ഗാർഹിക അതിക്രമത്തെക്കുറിച്ച് പരാതിയോ വിവരമോ ലഭിച്ച ഉടൻ താഴെപറയുന്ന കാര്യങ്ങൾ പീഡനത്തിന് ഇരയായ ആളെ അറിയിക്കേണ്ടതാണ്.

(എ) പരാതിക്കാരിക്ക്, പ്രൊട്ടക്ഷൻ ഓർഡർ, സാമ്പത്തിക പരിഹാരം, കസ്റ്റഡി ഓർഡർ, റസിഡൻസ് ഓർഡർ, നഷ്ടപരിഹാരം എന്നിവയിലൊന്നോ അതിൽ കൂടുതലോ പരിഹാരങ്ങൾക്ക് വേണ്ടി അപേക്ഷ നൽകുവാൻ അവകാശമുണ്ട്.

(ബി) സേവനദാതാക്കൾ ലഭ്യമാണ്.

(സി) പ്രൊട്ടക്ഷൻ ഓഫീസർമാരുടെ സേവനം ലഭ്യമാണ്.

(ഡി) സൗജന്യ നിയമസഹായം ലഭ്യമാണ്.

(ഇ) ആവശ്യമെങ്കിൽ ഇന്ത്യൻ പീനൽ കോഡിലെ 498 എ വകുപ്പുപ്രകാരം സ്ത്രീധന പീഡനത്തിനെതിരെ കേസ് കൊടുക്കുവാനുള്ള അവകാശം ഉണ്ട്. എന്നാൽ നിയമപ്രകാരം നടപടി എടുക്കേണ്ട ഒരു കുറ്റത്തെ സംബന്ധിച്ച് വിവരം ലഭിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻ മേൽ കാര്യങ്ങൾ ഒരു ഒഴിവ് കിഴിവ് ആയി കാണാൻ പാടില്ല.

## 6. *ഷെൽട്ടർ ഹോമുകളുടെ ചുമതലകൾ*

ഒരു പ്രൊട്ടക്ഷൻ ഓഫീസറോ സർവ്വീസ് പ്രൊവൈഡറോ അല്ലെങ്കിൽ പരാതിക്കാരി നേരിട്ടോ അഭയം നൽകണമെന്ന് അപേക്ഷിച്ചാൽ ഷെൽട്ടർ ഹോമുകളുടെ ചുമതലയുള്ളയാൾ അത് നൽകേണ്ടതാണ്.

## 7. *ചികിത്സാ സംവിധാനം*

പരാതിക്കാരി നേരിട്ടോ, അല്ലെങ്കിൽ അവർക്കുവേണ്ടി പ്രൊട്ടക്ഷൻ ഓഫീസറോ, സർവ്വീസ് പ്രൊവൈഡറോ പരാതിക്കാരിക്ക് ചികിത്സ നൽകണം എന്ന് ആവശ്യപ്പെട്ടാൽ മെഡിക്കൽ സംവിധാനത്തിന്റെ ചുമതല ഉള്ളയാൾ അത് ലഭ്യമാക്കണം.

## 8. *പ്രൊട്ടക്ഷൻ ഓഫീസറുടെ നിയമനം*

(1) ഓരോ ജില്ലയിലും ആവശ്യമുള്ള പ്രൊട്ടക്ഷൻ ഓഫീസർമാരുടെ എണ്ണം ഓരോരുത്തരും ചുമതല നിർവ്വഹിക്കേണ്ട പ്രദേശം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്.

(2) പ്രൊട്ടക്ഷൻ ഓഫീസർമാർ കഴിവതും നിശ്ചിത യോഗ്യതയും പരിചയവുമുള്ള വനിതകൾ ആയിരിക്കണം.

(3) പ്രൊട്ടക്ഷൻ ഓഫീസർമാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്ന തരത്തിലായിരിക്കും.

## *9. പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ചുമതലകളും പ്രവർത്തനവും*

**(1) പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ചുമതലകൾ**

(എ) ഈ നിയമപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് മജിസ്ട്രേറ്റിനെ സഹായിക്കുക.

(ബി) പരാതിക്കാരിൽനിന്നും ലഭിച്ച പരാതി അനുസരിച്ച് നിശ്ചിത ഫോറത്തിൽ ഡൊമസ്റ്റിക് ഇൻസിഡെന്റ് റിപ്പോർട്ട് തയ്യാറാക്കി അത് ബന്ധപ്പെട്ട മജിസ്ട്രേറ്റിന് സമർപ്പിക്കുകയും പകർപ്പുകൾ പോലീസ് ഉദ്യോഗസ്ഥൻ, സർവ്വീസ് പ്രൊവൈഡർ എന്നിവർക്ക് നൽകുകയും ചെയ്യുക.

(സി) പ്രൊട്ടക്ഷൻ ഉത്തരവ് ലഭിക്കുന്നതിന് പരാതിക്കാരിയുടെ ആവശ്യപ്രകാരം നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ തയ്യാറാക്കി മജിസ്ട്രേറ്റിന് നൽകുക.

(ഡി) സൗജന്യ നിയമസഹായം ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം സൗജന്യമായി നൽകുകയും നിയമസഹായം ലഭ്യമായി എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.

(ഇ) തന്റെ സേവന പരിധിയിൽ ഉള്ള സർവ്വീസ് പ്രൊവൈഡർ, കൗൺസിലിംഗ് സേവനങ്ങൾ, ഷെൽട്ടർ ഫോമുകൾ, ആരോഗ്യ സംവിധാനങ്ങൾ എന്നിവയുടെ ഡയറക്ടറി തയ്യാറാക്കി സൂക്ഷിക്കുക.

(എഫ്) പരാതിക്കാരി ആവശ്യപ്പെടുന്നുവെങ്കിൽ അവർക്ക് സുരക്ഷിത ഷെൽട്ടർഹോം ലഭ്യമാക്കുകയും ഈ വിവരം ഷെൽട്ടർഹോം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ബന്ധപ്പെട്ട മജിസ്ട്രേറ്റ്, പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ജി) ഗാർഹിക അതിക്രമത്തിന് ഇരയായവർക്ക് ശാരീരികക്ഷതം ഏറ്റിട്ടുണ്ടെങ്കിൽ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കേണ്ടതും വൈദ്യപരിശോധനാ റിപ്പോർട്ട് ഗാർഹിക അതിക്രമം നടന്നതായി ആരോപിക്കപ്പെടുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷൻ, മജിസ്ട്രേറ്റ് എന്നിവർക്ക് നൽകുക.

(എച്ച്) 20-ാം വകുപ്പ് അനുസരിച്ച് ഉത്തരവായിട്ടുള്ള സാമ്പത്തിക സഹായം ലഭ്യമായി എന്ന് ഉറപ്പുവരുത്തുക.

(ഐ) ഇത്തരത്തിലുള്ള മറ്റേതെങ്കിലും ചുമതലകൾ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അവ നിർവ്വഹിക്കുക.

2. പ്രൊട്ടക്ഷൻ ഓഫീസർമാർ മജിസ്ട്രേറ്റിന്റേയോ സർക്കാരിന്റേയോ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ആയിരിക്കും. മജിസ്ട്രേറ്റോ, സർക്കാരോ ഈ നിയമപ്രകാരമോ നൽകിയിട്ടുള്ള ചുമതകൾ നിർവ്വഹിക്കേണ്ടതാണ്.

## *10. സർവ്വീസ് പ്രൊവൈഡേഴ്സ്*

(1) ചട്ടങ്ങൾക്ക് വിധേയമായി 1860 സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരമോ, 1956-ലെ കമ്പനി നിയമപ്രകാരമോ അല്ലെങ്കിൽ നിലവിലുള്ള മറ്റേതെങ്കിലും നിയമംവഴിയോ രജിസ്റ്റർ ചെയ്തിട്ടുള്ളതും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിന് (നിയമസഹായം, വൈദ്യസഹായം, സാമ്പത്തികസഹായം തുടങ്ങിയ കാര്യങ്ങൾ) പ്രവർത്തിക്കുകയും ചെയ്യുന്ന ഏതെങ്കിലും സന്നദ്ധ സംഘടന, ഈ നിയമപ്രകാരം സർവ്വീസ് പ്രൊവൈഡർ ആയി പ്രവർത്തിക്കുന്നതിന് സംസ്ഥാന സർക്കാരിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) ഒന്നാം ഉപവകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സർവ്വീസ് പ്രൊവൈഡർമാർക്ക് താഴെപറയുന്ന അധികാരങ്ങളുണ്ടാകും.

(എ) പരാതിക്കാരിയുടെ താല്പര്യപ്രകാരം നിശ്ചിത ഫോറത്തിൽ ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട മജിസ്ട്രേറ്റ്, പ്രൊട്ടക്ഷൻ ഓഫീസർ എന്നിവർക്ക് നൽകുക.

(ബി) പരാതിക്കാരിയെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുകയും പരിശോധനാ റിപ്പോർട്ട് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ, പ്രൊട്ടക്ഷൻ ഓഫീസർ എന്നിവർക്ക് നൽകുക.

(സി) പരാതിക്കാരി ആവശ്യപ്പെടുന്നപക്ഷം ഷെൽട്ടർ ഹോമിൽ പ്രവേശിപ്പിക്കുകയും ഈ വിവരം ഗാർഹിക അതിക്രമം നടന്നതായി ആരോപിക്കുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(3) ഈ നിയമം നടപ്പിലാക്കുന്നതിന് ഉത്തമവിശ്വാസത്തോടുകൂടി ഏതെങ്കിലും കാര്യം ചെയ്യുകയോ ചെയ്തതായി കണക്കാക്കുകയോ ആയ ഏതെങ്കിലും കാര്യത്തിന് സർവീസ് പ്രൊവൈഡർക്ക് എതിരെയോ സർവ്വീസ് പ്രൊവൈഡറിലെ അംഗത്തിനെതിരെയോ ഒരുവിധ കേസോ പ്രോസിക്യൂഷൻ നടപടികളോ നിലനിൽക്കുന്നതല്ല.

## *11. സർക്കാരിന്റെ ചുമതലകൾ*

കേന്ദ്ര സംസ്ഥാന സർക്കാരുകൾ താഴെപറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

(എ) ഈ നിയമത്തിലെ കാര്യങ്ങൾക്ക് റേഡിയോ, പത്രം, ടെലിവിഷൻ എന്നീ പൊതുമാധ്യമങ്ങൾ വഴി വ്യാപകമായി കാലകാലങ്ങളിൽ പരസ്യം നൽകുക.

(ബി) ഗാർഹിക അതിക്രമങ്ങൾക്കെതിരെയുള്ള സംരക്ഷണത്തിന് വിവിധ സേവനങ്ങൾ നൽകുന്ന സർക്കാർ വകുപ്പുകൾ ആയ നിയമം, ആഭ്യന്തരം,

പോലീസ്, ആരോഗ്യം, സാമൂഹ്യക്ഷേമം എന്നിവയുടെ കാര്യക്ഷമമായ കോ-ഓർഡിനേഷൻ നടത്തുകയും കാലാകാലങ്ങളിൽ റിവ്യൂ നടത്തുകയും ചെയ്യുക.

(സി) വിവിധ മന്ത്രാലയങ്ങൾക്ക് കോടതി ഉൾപ്പെടെ, ആവശ്യമായ പ്രവർത്തനരേഖ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

## അദ്ധ്യായം IV

## പരിഹാരം നേടുന്നതിന് വേണ്ട ഉത്തരവുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

### *12. മജിസ്ട്രേറ്റിനുള്ള അപേക്ഷ*

1. മജിസ്ട്രേറ്റ് മുമ്പാകെ പരാതിക്കാരിയോ പരാതിക്കാരിക്കുവേണ്ടി മറ്റാരെങ്കിലുമോ പ്രൊട്ടക്ഷൻ ഓഫീസറോ ഈ നിയമപ്രകാരമുള്ള ഒന്നോ അതിലധികമോ ആശ്വാസ നടപടികൾക്കുവേണ്ടി അപേക്ഷിക്കാം.

   മജിസ്ട്രേറ്റ് ഇതനുസരിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുൻപ് പ്രൊട്ടക്ഷൻ ഓഫീസറോ സർവ്വീസ് പ്രൊവൈഡറോ നൽകിയിട്ടുള്ള ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട് പരിഗണിക്കേണ്ടതാണ്.
2. ഉപവകുപ്പ് 1 പ്രകാരമുള്ള ആശ്വാസ നടപടിവഴി ലഭിക്കുന്ന പരിഹാര ഉത്തരവ് പരാതിക്കാരിക്ക് ഉണ്ടായ പരിക്കിനോ നഷ്ടത്തിനോ കേസ് കൊടുക്കുന്നതിന് നടസ്സമല്ല. എന്നാൽ ഇത്തരത്തിൽ വിധിയുണ്ടായ തുകയിൽനിന്നും മജിസ്ട്രേറ്റ് പുറപ്പെടുവിച്ചിട്ടുള്ള ആശ്വാസ തുക കുറവ് വരുത്തിയശേഷം ബാക്കി തുക നൽകേണ്ടതും ആണ്.
3. ഒന്നാം ഉപവകുപ്പ് പ്രകാരമുള്ള എല്ലാ അപേക്ഷകളും നിർദ്ദിഷ്ട ഫോറത്തിലുമായിരിക്കണം.
4. വാദം കേൾക്കുന്നതിനുള്ള തീയതി മജിസ്ട്രേറ്റ് തീരുമാനിക്കും. ആദ്യ തീയതി പരാതി കോടതിയിൽ ലഭിച്ച് മൂന്നുദിവസത്തിലധികമാകാൻ പാടില്ല.
5. ഒന്നാം ഉപവകുപ്പ് പ്രകാരമുള്ള പരാതികൾ ആദ്യ വിചാരണ തീയതി മുതൽ 60 ദിവസത്തിനകം മജിസ്ട്രേറ്റ് തീർപ്പാക്കേണ്ടതാണ്.

### *13. നോട്ടീസ്*

1. 12-ാം വകുപ്പ് പ്രകാരമുള്ള പരാതിയെത്തുടർന്ന് കോടതിയിൽ വാദം കേൾക്കുന്നതിനുള്ള തീയതി നിശ്ചയിച്ചുകൊണ്ടുള്ള നോട്ടീസ് മജിസ്ട്രേറ്റ് പ്രൊട്ടക്ഷൻ ഓഫീസർക്ക് നൽകുന്നതും പ്രൊട്ടക്ഷൻ ഓഫീസർ നിർണ്ണയിച്ച് മാർഗ്ഗങ്ങളിലൂടെ ഏതുകക്ഷിയ്ക്കും മജിസ്ട്രേറ്റ് ഉത്തരവ് ചെയ്യുന്ന മറ്റേതെങ്കിലും ആളുകൾക്കും 2 ദിവസത്തിനുള്ളിലോ

മജിസ്ട്രേറ്റ് അനുവദിക്കുന്ന ഉചിതമായ സമയത്തിനുള്ളിലോ നൽകേണ്ടതുമാണ്.

2. നോട്ടീസ് എതിർകക്ഷിക്ക് നൽകിയതായി പ്രൊട്ടക്ഷൻ ഓഫീസർ നൽകിയിട്ടുള്ള സത്യപ്രസ്താവന മറിച്ച് തെളിയിക്കപ്പെടുന്നതുവരെ നോട്ടീസ് നൽകുന്നതിന് തെളിവായി സ്വീകരിക്കും.

### *14. കൗൺസിലിംഗ്*

1. നടപടികൾ നടന്നുകൊണ്ടിരിക്കുന്ന ഏതെങ്കിലും ഘട്ടത്തിൽ പരാതിക്കാരിയും എതിർകക്ഷിയും ഒന്നിച്ചോ പ്രത്യേകമായോ സർവ്വീസ് പ്രൊവൈഡർ നൽകുന്ന കൗൺസിലിംഗിൽ പങ്കെടുക്കുവാൻ നിർദ്ദേശിക്കാവുന്നതാണ്. കൗൺസിലർമാർ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും പരിചയവും ഉള്ളവർ ആയിരിക്കണം.

2. ഒന്നാം ഉപവകുപ്പ് പ്രകാരം മജിസ്ട്രേറ്റ് നിർദ്ദേശം നൽകുന്നപക്ഷം അടുത്ത വിചാരണ 2 മാസത്തിൽ കൂടാത്ത ഒരു തീയതിയായിരിക്കണം.

### *15. മജിസ്ട്രേറ്റ് തന്റെ ഏതെങ്കിലും കർത്തവ്യങ്ങൾ നിർവഹിക്കുന്നതിൽ സഹായിക്കുന്നതിനായി പരാതിക്കാരിയുമായി ബന്ധപ്പെട്ടതോ അല്ലാത്തതോ ആയതും കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതുമായ ഒരു വനിതയുടെ സേവനം തേടാവുന്നതാണ്.*

### *16. നടപടികൾ സ്വകാര്യതയിൽ നടത്തുന്നത്*

മജിസ്ട്രേറ്റ് സ്വയം തീരുമാനിക്കുകയോ കക്ഷികളിൽ ഒരാളെങ്കിലും ആവശ്യപ്പെടുകയോ ചെയ്യുന്നപക്ഷം കേസിന്റെ വിചാരണ അടച്ചിട്ട കോടതിമുറിൽ നടത്താവുന്നതാണ്.

### *17. പങ്കാളിയായി താമസിച്ച വീട്ടിൽ താമസിക്കുവാനുള്ള അവകാശം*

1 നിലവിലുള്ള മറ്റേതെങ്കിലും നിയമം എന്തുതന്നെ പറഞ്ഞാലും ഗാർഹിക ബന്ധത്തിൽ കഴിയുന്ന വനിതയ്ക്ക് ആ വീട്ടിൽ എന്തെങ്കിലും അവകാശമോ അധികാരമോ ഉണ്ടെങ്കിലും ഇല്ലെങ്കിലും ആ വീട്ടിൽ തുടർന്നു താമസിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കും.

2. നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാതെ അതിക്രമത്തിന് ഇരയായവർ ഒന്നിച്ച് പാർത്തിരുന്ന വീട്ടിൽനിന്നോ വീടിന്റെ ഏതെങ്കിലും ഭാഗത്തുനിന്നോ ഒഴിപ്പിക്കാൻ പാടില്ല.

### *18. സംരക്ഷണ ഉത്തരവുകൾ*

ഇരുകക്ഷികളുടെയും ഭാഗം കേട്ടശേഷം പ്രഥമദൃഷ്ട്യാ ഗാർഹിക അതിക്രമം നടന്നുവെന്നോ നടക്കാൻ സാദ്ധ്യത ഉണ്ട് എന്നോ മജിസ്ട്രേറ്റിന് ബോദ്ധ്യപ്പെടുന്ന

പക്ഷം പരാതിക്കാരിക്ക് അനുകൂലമായും പ്രതിക്ക് എതിരായും താഴെപറയുന്ന സംരക്ഷണ ഉത്തരവുകൾ പുറപ്പെടുവിക്കാം.

(എ) ഗാർഹിക അതിക്രമം നടത്തുന്നതിൽനിന്നും

(ബി) ഗാർഹിക അതിക്രമങ്ങൾ, കൃത്യങ്ങൾ നടത്തുകയോ, നടത്താൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നതിൽനിന്നും.

(സി) ഗാർഹിക അതിക്രമത്തിന് ഇരയായവളുടെ ജോലിസ്ഥലത്തോ, കുട്ടിയാണെങ്കിൽ സ്കൂളിലോ സാധാരണ പോക്കുവരവുള്ള സ്ഥലത്തോ പ്രവേശിക്കുന്നതിൽനിന്നും

(ഡി) പരാതിക്കാരിയുമായി നേരിട്ടോ ടെലഫോൺ വഴിയോ കത്തുമൂലമോ ഇലക്ട്രോണിക് മാധ്യമം വഴിയോ സംഭാഷണം നടത്താൻ ശ്രമിക്കുന്നത്.

(ഇ) ഗാർഹിക അതിക്രമത്തിന് ഇരയായവരും എതിർകക്ഷിയും ഒറ്റയ്ക്കോ കൂട്ടായോ ഉപയോഗിക്കുന്ന സ്ത്രീധനം, മറ്റുവസ്തുവകകൾ, ബാങ്ക് ലോക്കറുകൾ, ബാങ്ക് അക്കൗണ്ടുകൾ തുടങ്ങിയ സ്വത്തുക്കൾ മജിസ്ട്രേറ്റിന്റെ അനുവാദം ഇല്ലാതെ അന്യാധീനപ്പെടുത്തുന്നതിൽനിന്നും.

(എഫ്) ഗാർഹിക അതിക്രമത്തിന് ഇരയായവർക്ക് അതിക്രമത്തിൽനിന്നും സംരക്ഷണവും സഹായം നൽകിയിട്ടുള്ള ആശ്രിതരെയോ ബന്ധുക്കളെയോ മറ്റേതെങ്കിലും വ്യക്തികളെയോ പീഡിപ്പിക്കുന്നതിൽനിന്നും വിലക്കിക്കൊണ്ടും.

(ജി) സംരക്ഷണ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള മറ്റേതെങ്കിലും പ്രവൃത്തി ചെയ്യുന്നതിൽനിന്നും തടഞ്ഞുകൊണ്ടും.

## *19. താമസ സൗകര്യത്തിനുള്ള ഉത്തരവുകൾ*

1. വകുപ്പ് 12 (1) പ്രകാരമുള്ള കേസ് കൈകാര്യം ചെയ്യുന്ന അവസരത്തിൽ ഗാർഹിക അതിക്രമം നടന്നുവെന്നു മജിസ്ട്രേറ്റിന് ബോദ്ധ്യപ്പെട്ടാൽ റസിഡൻസ് ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്.

   (എ) പരാതിക്കാരിക്ക് നിയമപരമായി അവകാശം ഉണ്ടെങ്കിലും ഇല്ലെങ്കിലും പങ്കിട്ട് പാർത്ത ഭവനത്തിൽനിന്നും ഒഴിപ്പിക്കുകയോ ശല്യപ്പെടുത്തുകയോ ചെയ്യുന്നതിൽനിന്നും എതിർകക്ഷിയെ തടയുക.

   (ബി) ഒരുമിച്ചു പാർത്ത വീട്ടിൽനിന്നും മാറിനിൽക്കാൻ എതിർകക്ഷിയോട് നിർദ്ദേശിക്കുക.

   (സി) ഒന്നിച്ചു താമസിച്ച വീട്ടിലേയ്ക്ക് പ്രവേശിക്കുന്നതിൽനിന്നും എതിർകക്ഷിയെയോ എതിർകക്ഷിയുടെ ബന്ധുക്കളെയോ തടയുക.

   (ഡി) ഒന്നിച്ചു താമസിച്ച വീട് വിൽക്കുന്നതോ അന്യാധീനപ്പെടുത്തുന്നതോ ബാദ്ധ്യതപ്പെടുത്തുന്നതോ ചെയ്യുന്നതിൽനിന്നും എതിർകക്ഷിയെ തടയുക.

(ഇ) ഒന്നിച്ചു പാർത്ത വീട്ടിൽ എതിർകക്ഷികൾക്കുള്ള ..................................

(എഫ്) ഒന്നിച്ചു താമസിച്ച വീടിന്റെ അതേ നിലവാരത്തിലുള്ള പകരം താമസസ്ഥലം സൗകര്യപ്പെടുത്തി കൊടുക്കുന്നതിനോ അല്ലെങ്കിൽ വാടകവീടിനുള്ള വാടക കൊടുക്കുന്നതിനോ എതിർകക്ഷിയോട് നിർദ്ദേശിക്കുക.

എന്നാൽ (ബി) പ്രകാരം ഉള്ള ഉത്തരവ് ഒരു വനിതയ്ക്ക് എതിരെ പ്രയോഗിക്കാൻ പാടില്ല.

2. പരാതിക്കാരിയുടെയോ അവരുടെ കുട്ടിയുടെയോ സുരക്ഷിതത്വത്തിന് ആവശ്യമാണ് എന്ന് മജിസ്ട്രേറ്റ് കരുതുന്നപക്ഷം കൂടുതൽ വ്യവസ്ഥകൾ ഉൾപ്പെട്ട നിർദ്ദേശം പുറപ്പെടുവിക്കാവുന്നതാണ്.

3. ഗാർഹിക അതിക്രമം ഒഴിവാക്കുന്നതിനുവേണ്ടി ജാമ്യക്കാരോടുകൂടിയതോ അല്ലാത്തതോ ആയ ഒരു ജാമ്യപത്രം എഴുതി വയ്ക്കാൻ എതിർകക്ഷിയോട് മജിസ്ട്രേറ്റിന് ആവശ്യപ്പെടാവുന്നതാണ്.

4. മൂന്നാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവ് ക്രിമിനൽ നടപടിക്രമത്തിലെ 8-ാം അദ്ധ്യായ പ്രകാരമുള്ള ഉത്തരവായി പരിഗണിക്കും.

5. ഉപവകുപ്പ് 1, 2, 3 പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ തൊട്ടടുത്തുള്ള പോലീസ് സ്റ്റേഷന്റെ ചുമതല ഉള്ള ഉദ്യോഗസ്ഥനെ പരാതിക്കാരിയുടെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതിനുവേണ്ട നടപടി എടുക്കണമെന്നോ മറ്റു സഹായങ്ങൾ നൽകണമെന്നോ ഉള്ള നിർദ്ദേശങ്ങൾ കൂടി മജിസ്ട്രേറ്റിന് പുറപ്പെടുവിക്കാവുന്നതാണ്.

6. ഒന്നാം ഉപവകുപ്പ് പ്രകാരം എതിർകക്ഷിയോട് വാടക, മറ്റു ചെലവുകൾ നൽകുവാനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്ന അവസരത്തിൽ എതിർകക്ഷിയുടെ വരുമാന സ്രോതസ്, ആവശ്യങ്ങൾ എന്നിവ കൂടി മജിസ്ട്രേറ്റ് പരിഗണിക്കുന്നതാണ്.

7. സംരക്ഷണ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനോട് മജിസ്ട്രേറ്റിന് നിർദ്ദേശിക്കാം.

8. പരാതിക്കാരിക്ക് അവകാശപ്പെട്ട സ്ത്രീധനം, മറ്റേതെങ്കിലും വസ്തു, വിലപിടിപ്പുള്ള സ്വത്തുക്കൾ തിരികെ നൽകുവാനുള്ള നിർദ്ദേശം മജിസ്ട്രേറ്റിന് നൽകാവുന്നതാണ്.

## *20. സാമ്പത്തിക പരിഹാരങ്ങൾ*

1. വകുപ്പ് 12 (1)-ലെ അപേക്ഷ പരിഗണിക്കുന്ന അവസരത്തിൽ പരാതിക്കാരിക്കും അവരുടെ മക്കൾക്കും ഉണ്ടായിട്ടുള്ള നഷ്ടം നികത്തുന്നതിലേയ്ക്ക് സാമ്പത്തിക സഹായം നൽകാൻ മജിസ്ട്രേറ്റിന് നിർദ്ദേശിക്കാവുന്നതാണ്. ഇതിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു.

(എ) വരുമാനത്തിലുണ്ടായ നഷ്ടം

(ബി) ചികിത്സാ ചെലവുകൾ

(സി) പരാതിക്കാരിയുടെ കൈവശമുണ്ടായിരുന്ന വസ്തുവകകൾ നശിപ്പിക്കുന്നതുമൂലമുണ്ടായ നഷ്ടം.

(ഡി) ക്രിമിനൽ നടപടിക്രമം 125-ാം വകുപ്പ് പ്രകാരമോ മറ്റേതെങ്കിലും നിയമം വഴിയോ ലഭിച്ച സംരക്ഷണ ചെലവ് കൂടാതെ പരാതിക്കാരിക്കും അവരുടെ കുട്ടികൾക്കും സംരക്ഷണ ചെലവ് നൽകാവുന്നതാണ്.

2. സംരക്ഷണ ചെലവിനുള്ള തുക പരാതിക്കാരി ജീവിച്ചുപോന്ന ജീവിത നിലവാരം തുടർന്നും കൊണ്ടുപോകുന്നതിന് ഉതകുന്നതായിരിക്കണം.

3. കേസിന്റെ സാഹചര്യമനുസരിച്ച് ഒറ്റത്തവണയായോ പ്രതിമാസ തവണയായോ സംരക്ഷണ ചെലവ് നൽകാൻ മജിസ്ട്രേറ്റിന് അധികാരമുണ്ടായിരിക്കും.

4. ഒന്നാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ കോപ്പി കക്ഷികൾക്കും എതിർകക്ഷി താമസിക്കുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷനിലേയ്ക്കും അയയ്ക്കണം.

5. ഒന്നാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പരാമർശിക്കുന്ന തീയതിക്കുള്ളിൽതന്നെ പരാതിക്കാരിക്ക് സാമ്പത്തിക പരിഹാരം ലഭ്യമാക്കേണ്ടതാണ്.

6. ഒന്നാം ഉപവകുപ്പ് പ്രകാരം ഉത്തരവായിട്ടുള്ള സംരക്ഷണ ചെലവ് നൽകുന്നതിൽ എതിർകക്ഷി വീഴ്ച വരുത്തിയാൽ ടിയാളുടെ തൊഴിലുടമയോട് എതിർകക്ഷിക്ക് ലഭിക്കേണ്ട ശമ്പളത്തിൽനിന്നും പിടിച്ച് പരാതിക്കാരിക്ക് നേരിട്ട് നൽകുവാനോ കോടതിയിൽ കെട്ടിവയ്ക്കുവാനോ മജിസ്ട്രേറ്റിന് ഉത്തരവിടാവുന്നതാണ്.

### *21. കസ്റ്റഡി ഉത്തരവുകൾ*

നിലവിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ പറഞ്ഞിരുന്നാലും ശരി ഈ നിയമപ്രകാരമുള്ള ആശ്വാസ നടപടികളുടെ വിചാരണ വെളിയിലെപ്പോഴെങ്കിലും കുട്ടിയുടെ താല്ക്കാലിക സംരക്ഷണ ചുമതല പരാതിക്കാരിക്കോ പരാതിക്കാരിക്ക് വേണ്ടി അപേക്ഷ ബോധിപ്പിക്കുന്നയാൾക്കോ വിട്ടുകൊടുക്കാവുന്നതാണ്. ആവശ്യമെങ്കിൽ എതിർകക്ഷിക്ക് കുട്ടികളെ കാണുന്നതിനുള്ള രീതികളും നിർദ്ദേശിക്കാവുന്നതാണ്.

### *22. നഷ്ടപരിഹാര ഉത്തരവുകൾ*

ഈ ആക്ട് പ്രകാരം നൽകുന്ന നഷ്ടപരിഹാരങ്ങൾക്ക് പുറമെ പരാതിക്കാരി നേരിട്ടിട്ടുള്ള മാനസിക-വൈകാരിക അതിക്രമങ്ങൾക്ക് ഉള്ള നഷ്ടപരിഹാരവും നൽകാൻ എതിർകക്ഷിയോട് കോടതിക്ക് നിർദ്ദേശിക്കാവുന്നതാണ്.

## 23. ഇടക്കാലത്തേയ്ക്കുള്ള എക്സ്പാർട്ടി ഉത്തരവുകൾ

1. ഈ നിയമപ്രകാരമുള്ള ഏതു കാര്യത്തെക്കുറിച്ചും മജിസ്ട്രേറ്റിന് യുക്തമെന്ന് തോന്നുന്ന താല്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.
2. ഗാർഹിക അതിക്രമം നടന്നതായിട്ടോ നടക്കുമെന്നോ പരാതിയിൽ കഴമ്പുണ്ട് എന്ന് പ്രഥമദൃഷ്ട്യാതന്നെ മജിസ്ട്രേറ്റിന് ബോദ്ധ്യപ്പെട്ടാൽ നിശ്ചിത രീതിയിൽ സമർപ്പിച്ച് സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ 18, 19, 20, 21, 22 എന്നീ വകുപ്പു പ്രകാരമുള്ള പരിഹാരമായി എതിർകക്ഷിക്കെതിരെ എക്സ്പാർട്ടി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

## 24. ഉത്തരവുകളുടെ കോപ്പി കോടതി സൗജന്യമായി നൽകണം

ഈ നിയമപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ കോപ്പി സൗജന്യമായി എല്ലാ കക്ഷികൾക്കും, ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥനും, ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള സർവ്വീസ് പ്രൊവൈഡർക്കും നൽകേണ്ടതാണ്.

## 25. ഉത്തരവിന്റെ കാലാവധിയും ഭേദഗതിയും

1. 18-ാം വകുപ്പുപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ഒഴിവാക്കണമെന്ന് പരാതിക്കാരി ആവശ്യപ്പെടുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കും.
2. പരാതിക്കാരിൽ നിന്നോ എതിർകക്ഷിയിൽ നിന്നോ അപേക്ഷ ലഭിക്കുകയും സാഹചര്യങ്ങളിൽ മാറ്റമുണ്ടായി എന്ന് മജിസ്ട്രേറ്റിന് ബോധ്യപ്പെടുകയും ചെയ്യുന്നപക്ഷം നേരത്തെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ ഉചിതമായ ഭേദഗതി വരുത്താവുന്നതാണ്.

## 26. മറ്റു കേസുകളിലേയും നിയമ നടപടികളിലേയും പരിഹാരം

1. ഈ നിയമത്തിലെ 18, 19, 20, 21, 22 എന്നീ വകുപ്പുകളിലെ പരിഹാരങ്ങൾക്കുവേണ്ടി ഇതേകാര്യത്തിന് മറ്റു സിവിൽ കോടതി, കുടുംബകോടതി, ക്രിമിനൽ കോടതികളേയും സമീപിക്കാവുന്നതാണ്.
2. ഒന്നാം ഉപവകുപ്പിൽ പറയുന്ന നിവൃത്തികൾക്കുവേണ്ടി പരാതിക്കാരിക്ക് മറ്റു സിവിൽ, ക്രിമിനൽ കോടതികളെയും സമീപിക്കാവുന്നതാണ്.
3. ഈ നിയമത്തിലെ നടപടി മൂലമല്ലാത്ത മറ്റേതെങ്കിലും കോടതി വഴി പരാതിക്കാർക്ക് എന്തെങ്കിലും പരിഹാരം ലഭ്യമായിട്ടുണ്ടെങ്കിൽ ആ കാര്യം പരാതിക്കാരി കോടതിയെ അറിയിക്കുവാൻ ബാദ്ധ്യസ്ഥയാണ്.

## 27. അധികാര പരിധി

1. ഏതൊരു ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന്റെ അധികാരപരിധിയിൽ ആണോ,

   (എ) പരാതിക്കാരി സ്ഥിരമായോ താല്ക്കാലികമായോ താമസിക്കു

കയോ, ജോലി ചെയ്യുകയോ മറ്റു ബിസിനസ്സ് നടത്തുകയോ ചെയ്യുന്നത്.

(ബി) എതിർകക്ഷി താമസിക്കുകയോ ജോലി ചെയ്യുകയോ മറ്റു ബിസിനസ്സ് നടത്തുകയോ ചെയ്യുന്നത്.

(സി) പരാതിക്കടിസ്ഥാനമായ കാരണം ഉണ്ടായ സ്ഥലം സ്ഥിതിചെയ്യുന്നത്, ആ മജിസ്ട്രേറ്റിന് പ്രൊട്ടക്ഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും, ഈ നിയമപ്രകാരമുള്ള മറ്റു ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും കേസുകൾ വിചാരണ ചെയ്യുന്നതിനും അധികാരമുണ്ടായിരിക്കും.

2. ഈ നിയമപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ഇന്ത്യയിലെവിടെയും നടപ്പിലാക്കാവുന്നതാണ്.

***28. നടപടിക്രമം***

ഈ നിയമത്തിൽ മറിച്ച് പ്രതിപാദിച്ചിട്ടില്ലാത്തിടത്തോളം 12, 18, 19, 20, 21, 22, 23 വകുപ്പുകളിലെ കാര്യങ്ങളും 31-ാം വകുപ്പിൽ പ്രതിപാദിക്കുന്ന കുറ്റകൃത്യങ്ങളും ഉൾപ്പെടെ എല്ലാ നടപടികളും 1973-ലെ ക്രിമിനൽ നടപടിക്രമങ്ങൾ മൂലമായിരിക്കും കൈകാര്യം ചെയ്യുന്നത്.

***29. അപ്പീൽ***

കോടതി ഉത്തരവ് പരാതിക്കാരിക്കോ, എതിർകക്ഷിക്കോ നൽകിയ തീയതി ഏതാണോ പിന്നാലെ ഉള്ളത് ആ തീയതി മുതൽ 30 ദിവസത്തിനകം സെഷൻസ് കോടതിയിൽ അപ്പീൽ നൽകാവുന്നതാണ്.

## അദ്ധ്യായം V

## പലവക

***30. പ്രൊട്ടക്ഷൻ ഓഫീസർമാരും സർവ്വീസ് പ്രൊവൈഡേഴ്സും പബ്ലിക് സർവന്റ്സ് ആയിരിക്കും***

ഈ നിയമത്തിലെയോ ചട്ടങ്ങളിലെയോ വകുപ്പുകൾ പ്രകാരം പ്രവർത്തിക്കുകയോ പ്രവർത്തിക്കാൻ തുടങ്ങുകയോ ചെയ്യുന്ന പ്രൊട്ടക്ഷൻ ഓഫീസർമാരും സർവ്വീസ് പ്രൊവൈഡർ അംഗങ്ങളും ഇന്ത്യൻ ശിക്ഷാനിയമത്തിലെ 21-ാം വകുപ്പിൽ നിർവചിച്ചിരിക്കുന്ന പബ്ലിക് സെർവന്റ് എന്ന ഗണത്തിൽ ഉൾപ്പെടുന്നു.

***31. പ്രൊട്ടക്ഷൻ ഓർഡർ എതിർകക്ഷി ലംഘിച്ചാലുള്ള ശിക്ഷ***

1. ഒരു പ്രൊട്ടക്ഷൻ ഓർഡറോ ഇടക്കാല പ്രൊട്ടക്ഷൻ ഓർഡറോ എതിർകക്ഷി ലംഘിച്ചാൽ ഒരു വർഷം വരെ തടവുശിക്ഷയോ ഇരുപതിനായിരം രൂപവരെയുള്ള പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകാവുന്ന കുറ്റമാണ്.

2. എതിർകക്ഷി ലംഘിച്ചതായി ആരോപിക്കപ്പെടുന്ന ഒന്നാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവ് കഴിവതും അത് പുറപ്പെടുവിച്ച കോടതിയിൽത്തന്നെ വിചാരണ ചെയ്യേണ്ടതാണ്.

3. ഉപവകുപ്പ് 1 പ്രകാരം കേസ് ചാർജ്ജ് ചെയ്യുന്ന അവസരത്തിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 498 എ വകുപ്പ് പ്രകാരമോ മറ്റേതെങ്കിലും വകുപ്പ് പ്രകാരമോ, 1961-ലെ സ്ത്രീധന നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരമോ ഉള്ള കുറ്റം ചെയ്തിട്ടുള്ളതായി വെളിപ്പെടുന്നുവെങ്കിൽ ആ കുറ്റം കൂടി മജിസ്ട്രേറ്റിന് ചുമത്താവുന്നതാണ്.

### *32. തെളിവും കേസെടുക്കലും*

1. 1973-ലെ ക്രിമിനൽ നടപടി നിയമത്തിൽ എന്തുതന്നെ പറഞ്ഞിട്ടുണ്ടെങ്കിലും ശരി ഈ നിയമത്തിലെ 31 (1) വകുപ്പു പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ജാമ്യം ലഭിക്കാത്തതും കോഗ്നിസബിളും ആയിരിക്കും.

2. പരാതിക്കാരിയുടെ മൊഴി മാത്രം കണക്കിലെടുത്ത് എതിർകക്ഷി 31 (1) വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യം ചെയ്തതായി കോടതിക്ക് തീരുമാനിക്കാം.

### *33. പ്രൊട്ടക്ഷൻ ഓഫീസർ തന്റെ ചുമതല നിർവ്വഹിക്കാതിരുന്നാലുള്ള ശിക്ഷ*

ഏതെങ്കലും പ്രൊട്ടക്ഷൻ ഓഫീസർ കോടതി നിർദ്ദേശിച്ച പ്രൊട്ടക്ഷൻ ഉത്തരവിൽ പറഞ്ഞിരിക്കുന്നതനുസരിച്ചുള്ള ചുമതല മതിയായ കാരണം കൂടാതെ നിർവ്വഹിക്കാതിരിക്കുകയോ നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുകയോ ചെയ്താൽ അത് ഒരുവർഷംവരെ തടവും ഇരുപതിനായിരം രൂപ പിഴയും അല്ലെങ്കിൽ രണ്ടുംകൂടി ലഭിക്കാവുന്ന കുറ്റമാണ്.

### *34. പ്രൊട്ടക്ഷൻ ഓഫീസർ നടത്തിയ കുറ്റത്തിനുള്ള കേസെടുക്കൽ*

സംസ്ഥാന സർക്കാരിന്റെയോ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെയോ മുൻകൂർ അനുമതി ഇല്ലാതെ പ്രൊട്ടക്ഷൻ ഓഫീസർക്കെതിരെ കേസോ പ്രോസിക്യൂഷൻ നടപടികളോ എടുക്കാൻ പാടില്ല.

### *35. ഉത്തമവിശ്വാസത്തിലെടുത്ത നടപടികൾക്ക് സംരക്ഷണം*

ശരിയാണെന്ന് ഉത്തമവിശ്വാസത്തോടെ എടുത്ത ഒരു നടപടി മൂലമുണ്ടായ ഏതെങ്കിലും നഷ്ടത്തിന് കേസോ പ്രോസിക്യൂഷൻ നടപടികളോ പ്രൊട്ടക്ഷൻ ഓഫീസർക്കെതിരെ എടുക്കാൻ പാടില്ല.

### *36. ഈ നിയമം മറ്റേതെങ്കിലും നിയമത്തിന് എതിരല്ല*

ഈ നിമയത്തിലെ വ്യവസ്ഥകൾ മറ്റേതെങ്കിലും നിയമംവഴി ലഭിക്കുന്ന പരിഹാരങ്ങൾക്കും അധികമായുള്ളതാണ്.

### 37. *ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ അധികാരങ്ങൾ*

1. ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ ചട്ടങ്ങൾ നിർമ്മിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്.

2. പൊതുവായ അധികാരങ്ങളെ ബാധിക്കാതെ താഴെ പറയുന്ന കാര്യങ്ങ ളെക്കുറിച്ച് ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

    (എ) 8 (2) വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന പ്രൊട്ടക്ഷൻ ഓഫീ സർമാർക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയും പരിചയ വും

    (ബി) 8 (3) വകുപ്പ് പ്രകാരം പ്രൊട്ടക്ഷൻ ഓഫീസർമാരുടെ സേവന വേതന വ്യവസ്ഥകൾ

    (സി) 9 (1) (ബി) വകുപ്പ് പ്രകാരം ഒരു പ്രൊട്ടക്ഷൻ ഓർഡറിനുവേണ്ടി മജിസ്ട്രേറ്റിന് നൽകേണ്ട അപേക്ഷ

    (ഡി) 9 (1) (സി) വകുപ്പ് പ്രകാരം ഒരു പ്രൊട്ടക്ഷൻ ഓർഡറിനുവേണ്ടി മജിസ്ട്രേറ്റിന് നൽകേണ്ട അപേക്ഷ

    (ഇ) 9 (1) ഡി പ്രകാരം ബോധിപ്പിക്കേണ്ട പരാതിയുടെ മാതൃക

    (എഫ്) 9 (1) (ഐ) വകുപ്പ് പ്രകാരം പ്രൊട്ടക്ഷൻ ഓഫീസർ നിർവ്വഹി ക്കേണ്ട മറ്റു ചുമതലകൾ

    (ജി) 10 (1) വകുപ്പു പ്രകാരം സർവ്വീസ് പ്രൊവൈഡറുടെ രജിസ്ട്രേ ഷൻ സംബന്ധിച്ച കാര്യങ്ങൾ

    (എച്ച്) 12 (1) വകുപ്പ് പ്രകാരം പരിഹാരം നേടുന്നതിനുള്ള അപേക്ഷാ ഫോറത്തിന്റെ മാതൃക ഉപവകുപ്പ് (3) പ്രകാരമുള്ള ഉള്ളടക്ക വും

    (ഐ) 13 (1) വകുപ്പ് പ്രകാരം നോട്ടീസ് നടത്താനുള്ള മാർഗ്ഗങ്ങൾ

    (ജെ) 13 (2) വകുപ്പ് പ്രകാരം നോട്ടീസ് നൽകിയത് സംബന്ധിച്ച് പ്രൊട്ട ക്ഷൻ ഓഫീസർ നൽകേണ്ട പ്രസ്താവനയുടെ മാതൃക

    (കെ) 14 (1) വകുപ്പ് പ്രകാരം സർവ്വീസ് പ്രൊവൈഡറിലെ അംഗത്തിന് വേണ്ട വിദ്യാഭ്യാസ യോഗ്യതയും കൗൺസിലിംഗിനുള്ള പരി ചയവും

    (എൽ) 23 (2) വകുപ്പു പ്രകാരം പരാതിക്കാരി ബോധിപ്പിക്കേണ്ട സത്യ പ്രസ്താവനയുടെ മാതൃക

    (എം) ആവശ്യമുള്ള മറ്റേതെങ്കിലും കാര്യങ്ങൾ

3. ഈ നിയമപ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അടുത്ത പാർല മെന്റ് സമ്മേളനത്തിൽ അവതരിപ്പിക്കേണ്ടതും ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുമാണ്. എന്തെങ്കിലും മാറ്റം വരുത്തുകയാ ണെങ്കിൽ അത് ഈ നിയമത്തിൽ മുമ്പ് നടത്തിയിട്ടുള്ള കാര്യങ്ങൾക്ക് ഭംഗംവരാത്ത രീതിയിലായിരിക്കേണ്ടതാണ്.

# ഗാർഹിക അതിക്രമങ്ങളിൽ നിന്ന് വനിതകൾക്കുള്ള സംരക്ഷണ ചട്ടങ്ങൾ 2006

ഗാർഹിക അതിക്രമങ്ങളിൽ നിന്നും വനിതകൾക്കുള്ള സംരക്ഷണ നിയമം 2005-ലെ 37-ാം വകുപ്പ് പ്രകാരം കേന്ദ്ര സർക്കാർ ചട്ടങ്ങൾ നിർമ്മിച്ചിരിക്കുന്നു.

### *1. പേരും ചുരുക്കപ്പേരും*

1. ഈ ചട്ടങ്ങൾക്ക് ഗാർഹിക അതിക്രമങ്ങളിൽ നിന്ന് വനിതകളെ സംരക്ഷിക്കുന്നതിനുള്ള ചട്ടങ്ങൾ എന്നു പറയാവുന്നതാണ്.
2. ഈ ചട്ടങ്ങൾ 2006 ഒക്ടോബർ 26 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

### *2. നിർവചനങ്ങൾ*

മറ്റുതരത്തിൽ വ്യാഖ്യാനിക്കാൻ സന്ദർഭം അനുവദിക്കാത്തപക്ഷം

(എ) 'നിയമം' എന്നാൽ ഗാർഹിക പീഡനങ്ങളിൽ നിന്ന് വനിതകൾക്കുള്ള സംരക്ഷണ നിയമം 2005 എന്നാകുന്നു.

(ബി) 'പരാതി' എന്നാൽ പ്രൊട്ടക്ഷൻ ഓഫീസർക്ക് വാക്കാലോ എഴുതിയോ ആരെങ്കിലും നൽകുന്ന ആരോപണം എന്നർത്ഥമാകുന്നു.

(സി) 'കൗൺസിലർ' എന്നാൽ 14 (1) വകുപ്പ് പ്രകാരം കൗൺസിലിംഗ് നടത്തുന്നതിന് സർവ്വീസ് പ്രൊവൈഡർ നിയമിച്ചിട്ടുള്ള യോഗ്യതയുള്ള അംഗം എന്നർത്ഥം.

(ഡി) 'ഫോറം' എന്നാൽ ഈ നിയമത്തിലെ വകുപ്പ് എന്നർത്ഥമാകുന്നു.

(ഇ) 'വകുപ്പ്' എന്നാൽ ഈ നിയമത്തിലെ വകുപ്പ് എന്നർത്ഥമാകുന്നു.

(എഫ്) ഈ ചട്ടങ്ങളിൽ നിർവ്വചിച്ചിട്ടില്ലാത്ത വാക്കുകളോ പ്രയോഗങ്ങളോ നിയമത്തിൽ നിർവ്വചിച്ചിട്ടുണ്ടെങ്കിൽ ആ അർത്ഥം തന്നെ ചട്ടങ്ങൾക്കും ബാധകമാണ്.

### *3. പ്രൊട്ടക്ഷൻ ഓഫീസർമാർക്കുവേണ്ട യോഗ്യതകളും പരിചയവും*

1. സംസ്ഥാന സർക്കാർ നിയമിക്കുന്ന പ്രൊട്ടക്ഷൻ ഓഫീസർമാർ സർക്കാർ ഉദ്യോഗസ്ഥരോ സന്നദ്ധ സംഘടനാ പ്രതിനിധികളോ ആകാം. എന്നാൽ വനിതകൾക്ക് മുൻഗണന നൽകണം.
2. പ്രൊട്ടക്ഷൻ ഓഫീസറായി നിയമിക്കപ്പെടുന്നയാൾക്ക് സാമൂഹ്യരംഗത്ത് കുറഞ്ഞത് മൂന്നു വർഷത്തെ പരിചയം ഉണ്ടായിരിക്കണം.
3. പ്രൊട്ടക്ഷൻ ഓഫീസർമാരുടെ കലാവധി കുറഞ്ഞത് മൂന്നു വർഷം ആയിരിക്കണം.
4. പ്രൊട്ടക്ഷൻ ഓഫീസർക്ക് തന്റെ ജോലി കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ ഓഫീസ് സൗകര്യങ്ങൾ സർക്കാർ ചെയ്തുകൊടുക്കണം.

## 4. *പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് വിവരം നൽകുന്നത്*

1. ഗാർഹിക പീഡനം നടന്നുവെന്നോ നടക്കുന്നുവെന്നോ നടക്കുമെന്നോ അറിവുള്ള ഏതൊരാൾക്കും ഈ വിവരം വാക്കാലോ എഴുതിയോ ബന്ധപ്പെട്ട പ്രൊട്ടക്ഷൻ ഓഫീസറെ അറിയിക്കാവുന്നതാണ്.
2. ഒന്നാം ഉപവകുപ്പ് പ്രകാരം നൽകിയ വിവരം വാക്കാൽ ആണ് എങ്കിൽ അവയുടെ ചുരുക്കം പ്രൊട്ടക്ഷൻ ഓഫീസർ എഴുതി വിവരം നൽകിയ ആളിനെക്കൊണ്ട് ഒപ്പ് ഇടുവിക്കേണ്ടതാണ്. ഒപ്പ് ഇടുവാൻ തക്കസാഹചര്യമല്ല ഉള്ളതെങ്കിൽ വിവരം തന്നയാളെക്കുറിച്ചുള്ള വിവരം പ്രത്യേകമായി സൂക്ഷിക്കേണ്ടതാണ്.
3. രേഖപ്പെടുത്തിയ വിവരത്തിന്റെ ഒരു പകർപ്പ് സൗജന്യമായി ഉടൻതന്നെ വിവരം തന്നയാളിന് പ്രൊട്ടക്ഷൻ ഓഫീസർ നൽകേണ്ടതാണ്.

## 5. *ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട് (ഗാർഹിക സംഭവം റിപ്പോർട്ട്)*

1. ഗാർഹിക അതിക്രമം നടന്നതായി വിവരം ലഭിക്കുന്ന മുറയ്ക്ക് പ്രൊട്ടക്ഷൻ ഓഫീസർ ഗാർഹിക സംഭവ റിപ്പോർട്ട് ഫോറം 1 പ്രകാരം തയ്യാറാക്കേണ്ടതും മജിസ്ട്രേറ്റിന് അയച്ചുകൊടുക്കേണ്ടതുമാണ്. റിപ്പോർട്ടിന്റെ കോപ്പി ഗാർഹിക പീഡനം നടന്നതായി ആരോപിക്കപ്പെടുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷനിലെയ്ക്കും സർവ്വീസ് പ്രൊവൈഡർക്കും അയച്ചു കൊടുക്കേണ്ടതാണ്.
2. ഗാർഹിക അതിക്രമത്തിന് ഇരയായവരുടെ അപേക്ഷ ലഭിക്കുന്നപക്ഷം സർവ്വീസ് പ്രൊവൈഡർ ഗാർഹിക സംഭവ റിപ്പോർച്ചും ഫോറം 1-ൽ തയ്യാറാക്കി ബന്ധപ്പെട്ട മജിസ്ട്രേറ്റിനും കോപ്പി പ്രൊട്ടക്ഷൻ ഓഫീസർക്കും അയച്ചുകൊടുക്കേണ്ടതാണ്.

## 6. *മജിസ്ട്രേറ്റിനു നൽകുന്ന അപേക്ഷകൾ*

1. 12-ാം വകുപ്പു പ്രകാരം ഗാർഹിക അതിക്രമത്തിന് ഇരയായവൾ നൽകുന്ന അപേക്ഷ ഫോറം പ്രകാരമോ ഏതാണ്ട് അതേ മാതൃകയിലുള്ളതോ ആയിരിക്കണം.
2. മേൽ ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷ തയ്യാറാക്കി മജിസ്ട്രേറ്റിന് അയച്ചുകൊടുക്കുവാൻ ആവശ്യമായ സഹായം ഗാർഹിക അതിക്രമത്തിന് ഇരയായവർക്ക് പ്രൊട്ടക്ഷൻ ഓഫീസറിൽനിന്നും തേടാവുന്നതാണ്.
3. ഗാർഹിക അതിക്രമത്തിന് ഇരയായ വനിത നിരക്ഷരയാണെങ്കിൽ അപേക്ഷയിലെ ഉള്ളടക്കം പ്രൊട്ടക്ഷൻ ഓഫീസർ വായിച്ച് കേൾപ്പിക്കേണ്ടതും വിശദീകരിച്ച് കൊടുക്കേണ്ടതുമാണ്.
4. വകുപ്പ് 23(2) പ്രകാരമുള്ള സത്യവാങ്മൂലം ഫോറം III-ലാണ് പൂരിപ്പിച്ച് നൽകേണ്ടത്.

5. വകുപ്പ് 12 പ്രകാരമുണ്ടായിട്ടുള്ള ഉത്തരവും ക്രിമിനൽ നടപടിക്രമം 125 വകുപ്പ് നടപ്പിലാക്കുന്ന അതേ രീതിയിൽതന്നെ കൈകാര്യം ചെയ്യേണ്ട താണ്.

### *7. മജിസ്ട്രേറ്റിൽനിന്നും എക്സ്പാർട്ടി ഉത്തരുകൾ വാങ്ങുന്നതിനുള്ള സത്യവാങ്മൂലം*

വകുപ്പ് 23 (2) പ്രകാരമുള്ള എക്സ്പാർട്ടി ഉത്തരവുകൾ ലഭിക്കുന്നതിനുള്ള സത്യവാങ്മൂലം ഫോറം കകക-ൽ പൂരിപ്പിച്ചു നൽകണം.

### *8. പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ചുമതലകളും പ്രവർത്തനവും*

**1. പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ചുമതലകളും പ്രവർത്തനവും**

(i) പരാതിക്കാരി ആഗ്രഹിക്കുന്നുവെങ്കിൽ പരാതി തയ്യാറാക്കുന്നതിന് സഹായിക്കുക.

(ii) ഗാർഹിക പീഡിതയ്ക്ക് ഈ നിയമപ്രകാരം ലഭ്യമായിട്ടുള്ള അവകാശങ്ങൾ, ഫോറം IV-ൽ കൊടുത്തിട്ടുള്ളത് ഇംഗ്ലീഷിലോ മലയാളത്തിലോ നൽകുക.

(iii) വകുപ്പ് 12, 23 (2) അല്ലെങ്കിൽ മറ്റേതെങ്കിലും വകുപ്പോ ചട്ടങ്ങളോ പ്രകാരമുള്ള അപേക്ഷ തയ്യാറാക്കുന്നതിന് സഹായിക്കുക.

(iv) ഗാർഹിക പീഡിതയുമായി ചർച്ച ചെയ്ത് പീഡനം ആവർത്തിക്കാതിരിക്കുന്നതിനുള്ള ഒരു സേഫ്റ്റി പ്ലാൻ ഫോറം പ്രകാരം തയ്യാറാക്കുക. വകുപ്പ് 12 പ്രകാരമുള്ള അപേക്ഷ നൽകുകയും പൊതുസാഹചര്യം കണക്കിലെടുക്കുകയും ചെയ്തിരിക്കേണ്ടതാണ്.

(v) ഗാർഹിക പീഡിതയ്ക്കും കുട്ടിയ്ക്കും വൈദ്യസഹായം, യാത്രാസൗകര്യം ഉൾപ്പെടെ ലഭ്യമാക്കുക.

(vi) ഗാർഹിക പീഡിതയും കുട്ടിയും സുരക്ഷിത സ്ഥലത്ത് എത്തുന്നതിനുള്ള വാഹന സൗകര്യം ലഭ്യമാക്കുക.

(vii) ഈ നിയമപ്രകാരമുള്ള നടപടികൾക്ക് സേവനം ആവശ്യമുണ്ടെന്ന് സർവ്വീസ് പ്രൊവൈഡറെ അറിയിക്കുക. വകുപ്പ് 14 (1) പ്രകാരമുള്ള കൗൺസിലർമാർ, വകുപ്പ് 15 പ്രകാരമുള്ള വെൽഫെയർ എക്സ്പെർട്ട് എന്നിവരെ നിയമിക്കുന്നതിനാവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അപേക്ഷകൾ നൽകുവാൻ സർവ്വീസ് പ്രൊവൈഡർമാരെ ക്ഷണിക്കുക.

(viii) മൂന്നു വർഷത്തിലൊരിക്കൽ പുതിയ അപേക്ഷകൾ ക്ഷണിച്ച് കൗൺസിലർമാരുടെ പുതുക്കിയ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട മജിസ്ട്രേറ്റിന് അയച്ചുകൊടുക്കുക.

(ix) വകുപ്പ് 9, 12, 20, 21, 22, 23 കൂടാതെ മറ്റേതെങ്കിലും വകുപ്പോ ചട്ടങ്ങളോ പ്രകാരം അയച്ചിട്ടുള്ള റിപ്പോർട്ടിന്റെയോ രേഖയുടെയോ പകർപ്പുകളും ഇവ സംബന്ധിച്ച ഒരു റിക്കോർഡും സൂക്ഷിക്കുക.

(x) ഗാർഹിക പീഡനം നടന്നതായി റിപ്പോർട്ട് ചെയ്തതിന്റെ പേരിൽ പരാതിക്കാരിയോ കുട്ടിയോ സമ്മർദ്ദ തന്ത്രങ്ങൾക്ക് വിധേയമാക്കുകയോ, ബലിയാടാക്കപ്പെടുകയോ ചെയ്യുന്നില്ല എന്ന് ഉറപ്പു വരുത്തുവാൻ സാധ്യമായ എല്ലാ സഹായങ്ങളും നൽകുക.

(xi) ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നമാതിരി ഗാർഹിക പീഡിത, പോലീസ്, സർവ്വീസ് പ്രൊവൈഡർ എന്നിവരുമായി യോജിച്ച് പ്രവർത്തിക്കുക.

(xii) പ്രവർത്തന പരിധിയിലുള്ള സർവ്വീസ് പ്രൊവൈഡർ, ആരോഗ്യ സേവനങ്ങൾ, ഷെൽട്ടർ ഹോമുകൾ എന്നിവയെ സംബന്ധിച്ച് മതിയായ രേഖകൾ സൂക്ഷിക്കുക

2. വകുപ്പ് 9 (1) (എ) മുതൽ (എച്ച്) വരെ പരാമർശിക്കുന്ന ചുമതകൾ കൂടാതെ താഴെ പറയുന്ന ചുമതലകൾകൂടി പ്രൊട്ടക്ഷൻ ഓഫീസർമാർക്ക് നിജപ്പെടുത്തിയിരിക്കുന്നു.

(എ) ഈ നിയമത്തിലെയും ചട്ടങ്ങളിലെയും കാര്യങ്ങൾക്ക് വിധേയമായി ഗാർഹിക അതിക്രമത്തിന് ഇരയായവരെ അതിൽനിന്ന് രക്ഷിക്കുക.

(ബി) ഈ നിയമത്തിലെയും ചട്ടങ്ങളിലെയും കാര്യങ്ങൾക്ക് വിധേയമായി പരാതിക്കാരിക്ക് എതിരെ ഗാർഹിക അതിക്രമം ആവർത്തിക്കുന്നതും തടയുവാൻ ഉചിതമായ എല്ലാ നടപടികളും സ്വീകരിക്കുക.

## 9. *അടിയന്തിര ഘട്ടത്തിൽ സ്വീകരിക്കേണ്ട നടപടി*

പ്രൊട്ടക്ഷൻ ഓഫീസർക്കോ, സർവ്വീസ് പ്രൊവൈഡർക്കോ, ടെലിഫോൺ, ഇമെയിൽ തുടങ്ങിയ മാർഗങ്ങളിലൂടെയോ ഗാർഹിക പീഡനം നടന്നതായോ നടക്കുവാൻ സാദ്ധ്യത ഉണ്ടെന്നോ ഗാർഹിക പീഡിതയിൽ നിന്നോ മറ്റു വിശ്വാസമായ കേന്ദ്രങ്ങളിൽ നിന്നോ വിവരം ലഭിച്ചാൽ പ്രൊട്ടക്ഷൻ ഓഫീസറോ സർവ്വീസ് പ്രൊവൈഡറോ ഉടനെതന്നെ പോലീസിന്റെ സഹായത്തോടെ സംഭവസ്ഥലം സന്ദർശിച്ച് ഗാർഹിക പീഡന റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട മജിസ്ട്രേറ്റിന് നൽകേണ്ടതാണ്.

## 10. *പ്രൊട്ടക്ഷൻ ഓഫീസർമാരുടെ മറ്റു ചില കർത്തവ്യങ്ങൾ*

1. മജിസ്ട്രേറ്റ് ഒരു കത്തിലൂടെ ഇപ്രകാരം പ്രവർത്തിക്കണമെന്ന് പ്രൊട്ടക്ഷൻ ഓഫീസറോട് നിർദ്ദേശിക്കുമ്പോൾ

(എ) ഗാർഹിക പീഡിത ഒന്നിച്ച് താമസിച്ച വീട്ടുപരിസരം സന്ദർശിച്ച്, പരാതിക്കാരിക്ക് അനുകൂലമായി ഒരു ഇടക്കാല എക്സ്പാർട്ടി ഉത്തരവ് പുറപ്പെടുവിക്കാൻ ആവശ്യമായ വിശദീകരണം നൽകുവാൻ കോടതി ഉത്തരവിടുമ്പോൾ, അങ്ങനെയുള്ള അന്വേഷണ റിപ്പോർട്ട് നൽകുക.

(ബി) ശമ്പളം, ബാങ്ക് അക്കൗണ്ടുകൾ, സ്വത്തുവിവരം, മറ്റ് ഏതെങ്കിലും രേഖകൾ എന്നിവയെക്കുറിച്ച് കോടതി നിർദ്ദേശിക്കുന്ന പ്രകാരം ഉചിതമായ അന്വേഷണം നടത്തുക.

(സി) സ്വർണ്ണം, സമ്മാനങ്ങൾ, ഒന്നിച്ചു താമസിച്ചിരുന്ന വീട് എന്നിവ ഗാർഹിക പീഡിതയ്ക്ക് പുനഃസ്ഥാപിച്ചു നൽകുക.

(ഡി) കുട്ടിയുടെ കസ്റ്റഡി പുനഃസ്ഥാപിക്കുന്നതിന് പരാതിക്കാരിയെ സഹായിക്കുകയും കോടതി നിർദ്ദേശിക്കുന്നയാളുടെ മേൽനോട്ടത്തിൽ കുട്ടികളെ സന്ദർശിക്കുന്നതിനുള്ള അവകാശം നേടിയെടുക്കുകയും ചെയ്യുക.

(ഇ) 12, 18, 19, 20, 21, 23 എന്നീ വകുപ്പുകൾ പ്രകാരമുള്ള ഉത്തരവുകൾ ഉൾപ്പെടെയുള്ള കോടതി ഉത്തരവുകൾ നടപ്പിലാക്കുന്നതിന് കോടതി ഉത്തരവ് പ്രകാരം ആവശ്യമായ സഹായം നൽകുക.

(എഫ്) ഗാർഹിക അതിക്രമത്തിന് ഉപയോഗിച്ചതായി കരുതപ്പെടുന്ന ഏതൊരു ആയുധവും കണ്ടുകെട്ടുന്നതിന് ആവശ്യമെങ്കിൽ പോലീസ് സഹായം തേടുക.

2. സംസ്ഥാന സർക്കാരോ മജിസ്ട്രേറ്റോ ഈ നിയമത്തിലെയോ ചട്ടങ്ങളിലെയോ കർത്തവ്യങ്ങൾ പ്രയോഗത്തിലാക്കുന്നതിന് കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന ചുമതലകൾ പ്രൊമോട്ടർ ഓഫീസർ നിർവ്വഹിക്കണം.

3. ഏതെങ്കിലുമൊരു കേസിന് ഫലപ്രദമായി പരിഹാര നടപടികൾക്കാവശ്യമായ ഉത്തരവുകൾ ഇടുന്നതോടൊപ്പം കേസുകൾ കൈകാര്യം ചെയ്യുന്നതിന് ചില പൊതുനടപടിക്രമങ്ങൾ പാലിക്കണമെന്നുകൂടി മജിസ്ട്രേറ്റിന് നിർദ്ദേശിക്കാവുന്നതും ഇത് പ്രൊട്ടക്ഷൻ ഓഫീസർ പാലിക്കേണ്ടതുമാണ്.

## *11. സർവ്വീസ് പ്രൊവൈഡർമാരുടെ രജിസ്ട്രേഷൻ*

1 ഏതെങ്കിലുമൊരു സന്നദ്ധസംഘടന 1860-ലെ സൊസൈറ്റീവ് രജിസ്ട്രേഷൻ നിയമം വഴിയോ, 1956-ലെ കമ്പനി നിയമപരമായ മാർഗങ്ങളിലൂടെ നിയമസഹായം, വൈദ്യസഹായം, സാമ്പത്തിക സഹായം മറ്റു സഹായങ്ങൾ ഉൾപ്പെടെ വനിതകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രവർത്തിക്കുകയും അവർക്ക് താല്പര്യമുണ്ടെങ്കിൽ, വകുപ്പ് 10

(1) പ്രകാരമുള്ള സർവ്വീസ് പ്രവൈഡറായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷാഫോറം IV-ൽ സംസ്ഥാന സർക്കാരിന് നൽകേണ്ടതാണ്.

2. സംസ്ഥാന സർക്കാർ അപേക്ഷകരുടെ അനുയോജ്യത ബോധ്യപ്പെടുത്തുന്നതിന് ആവശ്യമായ അന്വേഷണങ്ങൾ നടത്തിയശേഷം സർവ്വീസ് പ്രൊവൈഡറായി രജിസ്റ്റർ ചെയ്യുകയും ഇതനുസരിച്ച് ഒരു സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്. എന്നാൽ അപേക്ഷകർക്ക് അവരുടെ ഭാഗം പറയുന്നതിനുള്ള അവസരം നൽകാതെ അപേക്ഷ നിരസിക്കാവുന്നതല്ല.

3. 10 (1) വകുപ്പു പ്രകാരം രജിസ്റ്റർ ചെയ്യുവാൻ അപേക്ഷിക്കുന്ന സംഘടനയോ കമ്പനിയോ താഴെപറയുന്ന യോഗ്യതാ മാനദണ്ഡം പുലർത്തേണ്ടതുണ്ട്.

(എ) അപേക്ഷ നൽകുന്നതിനും കുറഞ്ഞത് മൂന്നുവർഷം മുമ്പ്, ഈ നിയമപ്രകാരമുള്ള സേവനങ്ങൾ, ഒരു സർവ്വീസ് പ്രൊവൈഡറായി നൽകിക്കൊണ്ടിരുന്നവരായിരുന്നിരിക്കണം.

(ബി) ഒരുപക്ഷേ അപേക്ഷകർ, വൈദ്യസഹായം, മനോരോഗ കൗൺസിലിംഗ് സെന്റർ, തൊഴിൽ പരിശീലന സ്ഥാപനം എന്നിവ നടത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ അവ ഇത്തരം സ്ഥാപനങ്ങൾ നടത്തുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട് എന്ന് സംസ്ഥാന സർക്കാർ ഉറപ്പ് വരുത്തേണ്ടതാണ്.

(സി) ഒരു പക്ഷേ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകർ ഒരു ഷെൽട്ടർ ഹോം നടത്തുകയാണെങ്കിൽ ഒരു ഉദ്യോഗസ്ഥനോ, ഏജൻസിയോ വഴി ബന്ധപ്പെട്ട ഷെൽട്ടർഹോമിനെക്കുറിച്ച് ഒരു അന്വേഷണം നടത്തേണ്ടതും താഴെപറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്.

(i) ഷെൽട്ടർ ഹോമിൽ പ്രവേശിപ്പിക്കുവാൻ കഴിയുന്ന പരമാവധി ആളുകളുടെ എണ്ണം.

(ii) സ്ത്രീകൾക്കുവേണ്ടിയുള്ള സ്ഥാപനം നടത്തുന്നതിന് സുരക്ഷിതമായ സ്ഥലമാണെന്നും മതിയായ സുരക്ഷാ ക്രമീകരണങ്ങൾ നടത്താൻ കഴിയും എന്നും.

(iii) അന്തേവാസികൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ നിലവിൽ ഒരു ടെലിഫോൺ അല്ലെങ്കിൽ മറ്റേതെങ്കിലും വിനിമയമാർഗം ഷെൽട്ടർ ഹോമിലുള്ളതായ രേഖ.

4. വിവിധ പ്രദേശങ്ങളിലുള്ള സർവ്വീസ് പ്രൊവൈഡറുടെ ഒരു പട്ടിക സംസ്ഥാന സർക്കാർ സർവ്വീസ് പ്രൊവൈഡർക്ക് നൽകേണ്ടതും അത്തരത്തിലുള്ള ഒരു പട്ടിക പത്രങ്ങളിലും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കേണ്ടതുമാണ്.

5. പ്രൊട്ടക്ഷൻ ഓഫീസർ സർവ്വീസ് പ്രൊവൈഡർമാരുടെ വിശദവിവരങ്ങൾ ഉൾപ്പെടുന്ന മതിയായ രേഖ രജിസ്റ്ററുകൾ ക്രമപ്രകാരം നമ്പരിട്ട് സൂക്ഷിക്കേണ്ടതാണ്.

## *12. നോട്ടീസുകൾ വിതരണം ചെയ്യുവാനുള്ള സംവിധാനം*

1. ഈ നിയമത്തിൻ പ്രകാരമുള്ള നടപടിക്രമങ്ങൾക്കുവേണ്ടി കോടതിയിൽ ഹാജരാകുന്നതിനു വേണ്ടിയുള്ള നോട്ടീസിൽ എതിർകക്ഷിയുടെ പേര്, മേൽവിലാസം തുടങ്ങി വ്യക്തിയെ വ്യക്തമായി തിരിച്ചറിയുന്നതിനുള്ള കാര്യങ്ങൾ, ഗാർഹിക അതിക്രമത്തെക്കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയവ ഉണ്ടായിരിക്കണം.

2. താഴെപറയുന്ന രീതികളിൽ നോട്ടീസ് വിതരണം ചെയ്യാവുന്നതാണ്.

   (എ) പ്രൊട്ടക്ഷൻ ഓഫീസറോ പ്രൊട്ടക്ഷൻ ഓഫീസർ നിയോഗിക്കുന്ന ആളോവഴി എതിർകക്ഷി ഇന്ത്യയിലെവിടെയാണോ താമസിക്കുന്നത് അല്ലെങ്കിൽ എവിടെയാണോ ജോലി ചെയ്യുന്നത് എന്ന് പരാതിക്കാരി പ്രസ്താവിക്കുന്ന മേൽവിലാസത്തിൽ

   (ബി) എതിർകക്ഷി താമസിക്കുന്ന സ്ഥലത്തിന്റെ ചുമതലയുള്ളയാൾക്കോ അതു നടന്നില്ലെങ്കിൽ പൊതുവായി കാണാൻ പറ്റുന്ന സ്ഥലത്ത് നോട്ടീസ് പതിച്ചോ.

   (സി) നിയമത്തിലെ 13-ാം വകുപ്പോ മറ്റേതെങ്കിലും വകുപ്പോ അനുസരിച്ചുള്ള നോട്ടീസ് നൽകുമ്പോൾ കഴിയുന്നതും 1908-ലെ സിവിൽ നടപടിക്രമത്തിലെ 5-ാം ഉത്തരവോ 1973-ലെ ക്രിമിനൽ നടപടിക്രമത്തിലെ 6-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളോ പാലിക്കേണ്ടതാണ്.

(ഡി) നോട്ടീസുകൾ വിതരണം ചെയ്യുന്നതിനുവേണ്ടി പുറപ്പെടുവിക്കുന്ന ഏത് ഉത്തരവിനും 1908-ലെ സിവിൽ നടപടിക്രമം V-ാം ഉത്തരവനുസരിച്ചും 1973-ലെ ക്രിമിനൽ നടപടിക്രമം VI-ാം അദ്ധ്യായം അനുസരിച്ചും പുറപ്പെടുവിക്കുന്ന ഉത്തരവിൽ ഏതാണോ പ്രായോഗികം എന്ന് പരിഗണിക്കുന്നതാണ്. എന്നാൽ 13-ാം വകുപ്പ് പ്രകാരമോ മറ്റേതെങ്കിലും വകുപ്പ് പ്രകാരമോ ഉള്ള നോട്ടീസ് നൽകുന്നതിന് V-ാം ഉത്തരവനുസരിച്ചും അദ്ധ്യായം VI അനുസരിച്ചും ഉള്ള നടപടിക്രമങ്ങൾ പാലിക്കുന്നതു കൂടാതെ നിയമത്തിൽ പറഞ്ഞിട്ടുള്ള സമയനിഷ്ഠ പാലിക്കുന്നതിനും നടപടിക്രമങ്ങൾ കൂടുതൽ വേഗത്തിലാകുന്നതിനും വേണ്ടി മറ്റ് ഏതെങ്കിലും നടപടികൾ എടുക്കുന്നതിനും കോടതിക്ക് നിർദ്ദേശിക്കാവുന്നതാണ്.

3. കോടതിയിൽ എതിർകക്ഷി ഹാജരാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതിയെക്കുറിച്ചുള്ള ഒരു പ്രസ്താവനയോ, നോട്ടീസ് വിതരണം ചെയ്തു എന്ന് വിതരണം നടത്തുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ റിപ്പോർട്ടി

നെയോ തുടർന്ന് പരാതിക്കാരിയെയോ എതിർകക്ഷിയെയോ അല്ലെങ്കിൽ രണ്ടുപേരുടെയും ഭാഗം കേട്ടശേഷം കോടതിക്ക് ഉചിതമായ ഇടക്കാല ആശ്വാസ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

4. എതിർകക്ഷി ഒന്നിച്ചു താമസിച്ച വീട്ടിൽ പ്രവേശിക്കുന്നതിൽ നിബന്ധനകൾ ഏർപ്പെടുത്തിയോ, മാറിത്താമസിക്കണമെന്നോ, പരാതിക്കാരിയെ ബന്ധപ്പെടരുതെന്നോ ഉള്ള ഉത്തരവ് നിലനിൽക്കേ പരാതിക്കാരിയിൽനിന്നുള്ള ക്ഷണം ഉൾപ്പെടെയുള്ള ഏതു പ്രവൃത്തിയും കോടതി ഉത്തരവിനെ അസാധുവാക്കുന്നതല്ല. ഇതിന് 25 (2) വകുപ്പ് പ്രകാരം സംരക്ഷണ ഉത്തരവിൽ ഉചിതമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

## 13. *കൗൺസിലർമാരുടെ നിയമനം*

1. പ്രൊട്ടക്ഷൻ ഓഫീസർ നൽകിയിട്ടുള്ള പട്ടികയിൽനിന്നും ലഭ്യമായ ഒരാളെ കൗൺസിലർ ആയി നിയമിക്കുന്നതും ഇക്കാര്യം പരാതിക്കാരിയെ അറിയിക്കുന്നതുമാണ്.

2. താഴെ പറയുന്ന ആളുകൾ ഒരു നടപടിക്രമങ്ങളും കൗൺസിലർമാരായി നിയമിക്കപ്പെടാൻ യോഗ്യരല്ല.

   i. ഗാർഹിക അതിക്രമ പരാതിയുമായി ബന്ധപ്പെട്ടതോ താല്പര്യമുള്ളതോ ആയ ആൾ, ഏതെങ്കിലും ഒരു കക്ഷിയുമായി ബന്ധപ്പെട്ടാൽ, ആക്ഷേപം ഇല്ല എന്ന് ബന്ധപ്പെട്ട എല്ലാവരും എഴുതി കൊടുത്തിട്ടില്ലാത്തതും എന്നാൽ ഏതെങ്കിലും ഒരു കക്ഷിയെ പ്രതിനിധീകരിക്കുന്നയാളും.

   ii. നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് ഈ കേസിലോ മറ്റേതെങ്കിലും കേസിലോ എതിർകക്ഷിക്കുവേണ്ടി ഹാജരായിട്ടുള്ള അഭിഭാഷകൻ.

3. കഴിയുന്നിടത്തോളം വനിതകളെത്തന്നെ കൗൺസിലർമാരായി നിയമിക്കണം.

## 14. *കൗൺസിലർമാർ സ്വീകരിക്കേണ്ട നടപടി*

1. കോടതിയുടെയോ പ്രൊട്ടക്ഷൻ ഓഫീസറുടെയോ രണ്ടുപേരുടെയുമോ പൊതുമേൽനോട്ടത്തിലായിരിക്കണം കൗൺസിലർമാർ പ്രവർത്തിക്കേണ്ടത്.

2. പരാതിക്കാരിക്കോ അല്ലെങ്കിൽ രണ്ടുകക്ഷികൾക്കുമോ സൗകര്യപ്രദമായ സ്ഥലം ആയിരിക്കണം കൗൺസിലർ അവരുടെ മീറ്റിംഗിനുവേണ്ടി തെരഞ്ഞെടുക്കേണ്ടത്.

3. കൗൺസിലിംഗ് വിധേയമാകുന്നതിനുവേണ്ടി പരാതിയിൽ പറഞ്ഞിരിക്കുന്നതരം ഗാർഹിക അതിക്രമം ആവർത്തിക്കുക ഇല്ലെന്നും, മറ്റു

ആവശ്യമായ കേസുകളിൽ ഇനി മുതൽ കൗൺസിലിംഗിന് നടപടിക്രമങ്ങൾക്കുവേണ്ടിയോ കോടതിയുടെ അനുവാദത്തോടെയോ അല്ലാതെയോ പരാതിക്കാരിയെ കത്തുമൂലമോ, ടെലിഫോൺ മുഖേനയോ, മറ്റേതെങ്കിലും മാർഗത്തിലൂടെയോ ബന്ധപ്പെടാൻ ശ്രമിക്കുകയില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4. ഗാർഹികാതിക്രമം ആവർത്തിക്കുക്കയില്ല എന്ന ഉറപ്പ് കിട്ടുക എന്ന കാര്യം കൗൺസിലറുടെ മനസ്സിൽ വച്ചുകൊണ്ടായിരിക്കണം കൗൺസിലിംഗ് രീതി അവലംബിക്കേണ്ടത്.

5. ഗാർഹിക അതിക്രമത്തെ ന്യായീകരിക്കുന്ന എതിർവാദങ്ങൾ കൗൺസിലിംഗിനിടയിൽ നിരത്താൻ എതിർകക്ഷിയെ അനുവദിക്കുകയില്ല എന്ന് കൗൺസിലിംഗ് തുടങ്ങുന്നതിന് മുമ്പുതന്നെ എതിർകക്ഷിയെ അറിയിച്ചിരിക്കണം.

6. ഗാർഹിക അതിക്രമം നടത്തുകയില്ല എന്നും കൗൺസിലിംഗിനുവേണ്ടി കൗൺസിലറുടെ മുമ്പാകെ വച്ചതല്ലാതെ നേരിട്ടോ കത്തുമുഖേനയോ, ടെലഫോൺ വഴിയോ, ഇ-മെയിൽ മുഖേനയോ മറ്റേതെങ്കിലും മാർഗ്ഗത്തിൽ കൂടിയോ ബന്ധപ്പെടാൻ ശ്രമിക്കുകയില്ല എന്ന ഉറപ്പ് എതിർകക്ഷി എഴുതി കൗൺസിലർക്ക് നൽകേണ്ടതാണ്.

7. ഗാർഹിക അതിക്രമത്തിന് ഇരയായവർ ആഗ്രഹിക്കുന്നുവെങ്കിൽ പ്രശ്നം ഒത്തുതീർപ്പിൽ എത്തിക്കുവാൻ കൗൺസിലർ ശ്രദ്ധിക്കേണ്ടതാണ്.

8. ഗാർഹികാതിക്രമത്തിന് ഇരയായ വനിതയുടെ പ്രശ്നങ്ങളെയും പ്രശ്ന പരിഹാരങ്ങളെയും കുറിച്ച് ഒരു ധാരണയിൽ എത്തുകയും ഏറ്റവും ഉചിതമായ പ്രശ്ന പരിഹാരങ്ങൾ കണ്ടെത്തുകയും ആണ് കൗൺസിലർക്ക് ചെയ്യാവുന്നത്.

9. കൗൺസിലിംഗ് സമയത്ത് കക്ഷികൾ നിർദ്ദേശിച്ച പരിഹാരമാർഗ്ഗങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് കൗൺസിലർക്ക് ആവശ്യമായ കേസുകളിൽ ഒരു ഒത്തുതീർപ്പ് വ്യവസ്ഥ മുന്നോട്ടു വയ്ക്കാവുന്നതാണ്.

10. ഗാർഹികാതിക്രമത്തിന് ഇരയായവർക്ക് തൃപ്തികരമായ തരത്തിലും എതിർകക്ഷിയുടെ വികാരങ്ങൾകൂടി മാനിച്ചുകൊണ്ടും ഗാർഹികാതിക്രമം അവസാനിപ്പിക്കുക എന്ന ലക്ഷ്യം നേടുന്നതിന് സത്യസന്ധവും നീതിപൂർവ്വകവും ആയ ഒരു പ്രവർത്തനം ആണ് കൗൺസിലർ കാഴ്ച വയ്ക്കേണ്ടത്. അതിനാൽ ഇന്ത്യൻ തെളിവ് നിയമം 1872, സിവിൽ നടപടിക്രമം 1908, ക്രിമിനൽ നടപടിക്രമം 1973 എന്നിവ കൗൺസിലർക്ക് ബാധകമല്ലാത്തതാണ്.

11. ഉചിതമായ നടപടികൾ എടുക്കുന്നതിന് കാലതാമസം കൂടാതെ കൗൺസിലർ തന്റെ റിപ്പോർട്ട് മജിസ്ട്രേറ്റിന് നൽകേണ്ടതാണ്.

12. കൗൺസിലർ പ്രശ്നപരിഹാരം കണ്ടെത്തിയാൽ അതിനുള്ള വ്യവസ്ഥകൾ എഴുതി രണ്ട് കക്ഷികളെയുംകൊണ്ട് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.
13. പ്രശ്നപരിഹാരത്തിന്റെ പ്രായോഗിതയെക്കുറിച്ച് കോടതി രണ്ട് കക്ഷികളേയും കേട്ടു ബോധ്യപ്പെടുകയും അവ രേഖപ്പെടുത്തുകയും ചെയ്ത ശേഷം ഗാർഹികാതിക്രമത്തിൽ ഏർപ്പെടുകയില്ല എന്നതുൾപ്പെടെ കക്ഷികൾ സമ്മതിച്ച വ്യവസ്ഥകൾ ഉപാധികളോടെയോ അല്ലാതെയോ അംഗീകരിക്കുന്നതാണ്.
14. കൗൺസിലറുടെ റിപ്പോർട്ട് തൃപ്തികരമാണ് എന്ന് കോടതിക്ക് ബോദ്ധ്യപ്പെട്ടാൽ ഒത്തുതീർപ്പ് വ്യവസ്ഥകൾ അപ്പാടെയോ കക്ഷികൾ അപേക്ഷിക്കുന്ന പ്രകാരം വ്യത്യാസപ്പെടുത്തിയോ കക്ഷികളുടെ സമ്മതപ്രകാരം ഉത്തരവ് പുറപ്പെടുവിക്കും.
15. ഒത്തുതീർപ്പിലെത്തുവാൻ പരാജയപ്പെട്ടുവെന്ന് കൗൺസിലർ കോടതിക്ക് റിപ്പോർട്ട് നൽകിയാൽ കോടതി ഈ നിയമപ്രകാരമുള്ള മറ്റു നടപടികളുമായി മുന്നോട്ടുപോകും.
16. കൗൺസിംഗ് നടപടിക്രമങ്ങളിലെ ഏതെങ്കിലും രേഖയെമാത്രം അടിസ്ഥാനമാക്കി ഒരു തീരുമാനത്തിലെത്തി ഉത്തരവ് പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.
17. വകുപ്പ് 25 പ്രകാരമുള്ള ഉത്തരവ് കോടതി പുറപ്പെടുവിക്കുമ്പോൾ അതിനുള്ള അപേക്ഷ സമർപ്പിച്ചതിനു പിന്നിൽ ഏതെങ്കിലും തരത്തിലുള്ള ഭീഷണി, ബലപ്രയോഗം, സമ്മർദ്ദതന്ത്രം തുടങ്ങിയ കാര്യങ്ങൾ ഉണ്ടായിട്ടില്ല എന്ന് കോടതി സ്വയം ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ഇതിനു വേണ്ടി സത്യവാങ്മൂലമോ, ജാമ്യക്കാരേയോ എതിർകക്ഷിയിൽ നിന്നും ഏർപ്പാടാക്കാവുന്നതുമാണ്.

## *15 പ്രൊട്ടക്ഷൻ ഉത്തരവുകളുടെ ലംഘനം*

1. പ്രൊട്ടക്ഷൻ ഉത്തരവിന്റെയോ ഇടക്കാല പ്രൊട്ടക്ഷൻ ഉത്തരവിന്റെയോ ലംഘനം ഉണ്ടായ കാര്യം ഗാർഹിക അതിക്രമത്തിന് ഇരയായവൾക്ക് പ്രൊട്ടക്ഷൻ ഓഫീസറെ അറിയിക്കാം.
2. ഒന്നാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് അത് നൽകുന്നയാൾ എഴുതി ഒപ്പിട്ട് നൽകണം.
3. പരാതിയുടെ പകർപ്പും, ലംഘിക്കപ്പെട്ടതായി ആരോപിക്കപ്പെടുന്ന പ്രൊട്ടക്ഷൻ ഉത്തരവിന്റെ പകർപ്പും, ഉചിതമായ ഉത്തരവുകൾക്കുവേണ്ടി ബന്ധപ്പെട്ട മജിസ്ട്രേറ്റിന് പ്രൊട്ടക്ഷൻ ഓഫീസർ അയച്ചുകൊടുക്കേണ്ടതാണ്.
4. ഗാർഹിക അതിക്രമത്തിന് ഇരയായവൾ ആഗ്രഹിക്കുന്നപക്ഷം പ്രൊട്ടക്ഷൻ ഉത്തരവ് ലംഘിച്ചതായുള്ള പരാതി നേരിട്ട് കോടതിയ്ക്കോ പോലീസിനോ നൽകാവുന്നതാണ്.

5. പ്രൊട്ടക്ഷൻ ഉത്തരവ് ലംഘിക്കപ്പെട്ടശേഷം എപ്പോഴെങ്കിലും ഗാർഹി കാതിക്രമത്തിന് ഇരയായവൾ പ്രൊട്ടക്ഷൻ ഓഫീസറുടെ സഹായം തേടിയാൽ പ്രൊട്ടക്ഷൻ ഓഫീസർ പോലീസിന്റെ സഹായത്തോടെ അവരെ രക്ഷപ്പെടുത്തേണ്ടതും ആവശ്യമായ പരാതി പോലീസിന് നൽകുവാൻ സഹായിക്കേണ്ടതുമാണ്.

6. സമ്മറി വിചാരണ നടത്താൻ പാടില്ലാത്ത കുറ്റങ്ങൾ 31-ാം വകുപ്പു പ്രകാരമോ, ഇന്ത്യൻ ശിക്ഷാനിയമത്തിലെ 498 (എ) വകുപ്പു പ്രകാരമോ മറ്റേതെങ്കിലും കുറ്റങ്ങളോ, ചെയ്തതായി കോടതിയിൽ സമർപ്പിക്കുന്ന കുറ്റപത്രങ്ങൾ ഉണ്ടെന്നു കണ്ടാൽ അവ പ്രത്യേകമാക്കി ഇന്ത്യൻ ക്രിമിനൽ നടപടിക്രമങ്ങൾ പ്രകാരം വിചാരണ ചെയ്യുന്നതിനായി വേർപെടുത്തുകയും വകുപ്പ് 31 പ്രകാരം പ്രൊട്ടക്ഷൻ ഉത്തരവ് ലംഘിച്ചതിനുള്ള സമ്മറി വിചാരണ തുടരുകയും ചെയ്യുന്നതാണ്.

7. എതിർകക്ഷിയോ എതിർകക്ഷിക്കുവേണ്ടി മറ്റാരെങ്കിലുമോ സൃഷ്ടിക്കുന്ന തടസ്സങ്ങൾ കോടതിയുടെ പ്രൊട്ടക്ഷൻ ഉത്തരവിന്റെ ലംഘനമായി കണക്കാക്കാവുന്നതാണ്.

8. പ്രൊട്ടക്ഷൻ ഉത്തരവിന്റെയോ ഇടക്കാല പ്രൊട്ടക്ഷൻ ഉത്തരവിന്റെയോ ലംഘനം ഉടൻതന്നെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതും കേസ് എടുക്കേണ്ടതുമാണ്.

9. ഈ നിയമപ്രകാരം അറസ്റ്റ് ചെയ്ത വ്യക്തിയെ ജാമ്യത്തിൽ വിടുന്ന അവസരത്തിൽ പരാതിക്കാരിയുടെ സുരക്ഷയ്ക്കായി താഴെ പറയുന്ന വ്യവസ്ഥകൾ കോടതിക്ക് വയ്ക്കാവുന്നതാണ്.

   (എ) ഗാർഹിക അതിക്രമം നടത്തുമെന്ന് ഭീഷണിപ്പെടുത്തുകയോ നടത്തുകയോ ചെയ്യുന്നതിൽ നിന്നും വിലക്കുക.

   (ബി) ടെലിഫോൺ വഴിയോ അല്ലാതെയോ പരാതിക്കാരിയെ ശല്യം ചെയ്യുന്നതിൽ നിന്നും എതിർകക്ഷിയെ വിലക്കുക.

   (സി) പരാതിക്കാരി താമസിക്കുന്ന സ്ഥലത്തുനിന്നും ഒഴിഞ്ഞുപോകുന്നതിനോ പരാതിക്കാരി താമസിക്കുന്ന സ്ഥലത്തോ സന്ദർശിക്കാൻ സാദ്ധ്യതയുള്ള സ്ഥലത്തോ നിന്നും അകന്ന് നിൽക്കണമെന്നും.

   (ഡി) തോക്കോ മറ്റ് മാരകായുധങ്ങളോ കൈവശം വയ്ക്കുന്നതോ ഉപയോഗിക്കുന്നതോ തടയുക.

   (ഇ) മദ്യമോ മയക്കുമരുന്നോ ഉപയോഗിക്കുന്നത് തടയുക.

   (എഫ്) ഗാർഹികാതിക്രമത്തിനിരയായവളുടെ സുരക്ഷ, പരിഹാരം എന്നിവയ്ക്ക് ആവശ്യമായ മറ്റേതെങ്കിലും ഉത്തരവുകൾ

## 16. *ഗാർഹിക അതിക്രമത്തിന് ഇരയായവൾക്കുള്ള ഷെൽട്ടർ*

1. പരാതിക്കാരിയുടെ അപേക്ഷ പ്രകാരം പ്രൊട്ടക്ഷൻ ഓഫീസറോ, സർവ്വീസ് പ്രൊവൈഡറോ ഷെൽട്ടർ ആവശ്യമുണ്ടെന്നുള്ള അപേക്ഷ എഴുതി തയ്യാറാക്കി ഷെൽട്ടറിന്റെ ചുമതലയുള്ള ആൾക്ക് കൊടുക്കണം. ഈ അപേക്ഷ നിയമത്തിലെ 6-ാം വകുപ്പ് പ്രകാരമാണെന്ന് വ്യക്തമാക്കിയിരിക്കണം.
2. പ്രൊട്ടക്ഷൻ ഓഫീസർ ഇത്തരത്തിലുള്ള ഒരു അപേക്ഷ ഒന്നാം ഉപവകുപ്പ് പ്രകാരം നൽകുമ്പോഴോ 9-ാം വകുപ്പോ 10-ാം വകുപ്പോ പ്രകാരമുള്ള ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട് കൂടി ഉള്ളടക്കം ചെയ്തിരിക്കണം.

   എന്നാൽ ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട് ഇല്ലായിരുന്നു എന്ന കാരണത്താൽ ഷെൽട്ടർ നിഷേധിക്കരുത്.
3. ഗാർഹികാതിക്രമത്തിന് ഇരയായവൾ ആഗ്രഹിക്കുന്നപക്ഷം അവരുടെ ഐഡന്റിറ്റി ഷെൽട്ടർ ഹോമിലോ എതിർകക്ഷിയെയോ അറിയിക്കുവാൻ പാടില്ല.

## 17. *ഗാർഹികാതിക്രമങ്ങൾക്ക് ഇരയായവർക്കുള്ള ചികിത്സാ സൗകര്യം*

1. ഗാർഹികാതിക്രമത്തിന് ഇരയായവളോ, പ്രൊട്ടക്ഷൻ ഓഫീസറോ, സർവ്വീസ് പ്രൊവൈഡറോ, നിയമത്തിലെ 7-ാം വകുപ്പു പ്രകാരം ഒരു അപേക്ഷ എഴുതി തയ്യാറാക്കി ചികിത്സാ സംവിധാനത്തിന് ചുമതലയുള്ളയാളിന് നൽകേണ്ടതാണ്. ഈ അപേക്ഷയിൽ വകുപ്പ് 7 പ്രകാരമുള്ള അപേക്ഷയാണെന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
2. ഇത്തരം ഒരു അപേക്ഷ പ്രൊട്ടക്ഷൻ ഓഫീസർ നൽകുമ്പോൾ ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ടിന്റെ ഒരു കോപ്പി കൂടി ഉള്ളടക്കം ചെയ്തിരിക്കണം.

   എന്നാൽ ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട് ഇല്ല എന്ന കാരണത്താൽ ചികിത്സ നിഷേധിക്കാൻ പാടില്ല.
3. ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല എങ്കിൽ മെഡിക്കൽ സംവിധാനത്തിന്റെ ചുമതല ഉള്ള ആൾ ഫോറം 1 പൂരിപ്പിച്ച് സ്ഥലത്തെ പ്രൊട്ടക്ഷൻ ഓഫീസർക്ക് അയച്ചു കൊടുക്കേണ്ടതാണ്.
4. മെഡിക്കൽ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ഗാർഹിക അതിക്രമത്തിന് ഇരയായവർക്ക് സൗജന്യമായി നൽകേണ്ടതാണ്.

# ഗാർഹിക അതിക്രമങ്ങളിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം സംശയങ്ങളും മറുപടിയും

1. ഗാർഹിക ബന്ധത്തിൽപ്പെട്ട സ്ത്രീയെ അടിക്കുകയോ ദാരുണമായി മുറിവേൽപ്പിക്കുകയോ ചെയ്യുന്നത് മാത്രമാണോ ഗാർഹിക പീഡനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്?

അല്ല. ശാരീരികമായ അതിക്രമം (ശാരീരിക ക്ഷതത്തിനു കാരണമാകുന്ന മർദ്ദനം, പീഡനം) മാത്രമല്ല ഗാർഹിക പീഡനത്തിൽ ഉൾപ്പെടുന്നത്. താഴെ പറയുന്ന കാര്യങ്ങൾ കൂടി ഇതിൽ ഉൾപ്പെടുന്നു.

സ്ത്രീകളുടെ മേലുള്ള ലൈംഗിക ചൂഷണം (ബലാത്സംഗം, ഗാർഹിക ബന്ധത്തിൽപ്പെട്ട സ്ത്രീ പങ്കാളിയെ അവളുടെ സമ്മതമില്ലാതെ ലൈംഗിക ബന്ധത്തിന് വിധേയമാക്കുക/നിർബന്ധിക്കുക, അശ്ലീല ചിത്രങ്ങളോ വസ്തുക്കളോ കാണുവാൻ നിർബന്ധിക്കുക, അവളുടെ വ്യക്തിത്വത്തെ ഹനിക്കുന്നതോ, അന്തസ്സിന് കോട്ടം വരുത്തുന്നതോ, അപമാനിക്കുന്ന തരത്തിലുള്ളതോ ആയ ലൈംഗികചുവയുള്ള ഏതൊരു പ്രവർത്തിയും, ബാല ലൈംഗിക പീഡനം).

വാക്കുകൾ കൊണ്ടുള്ള അധിക്ഷേപം, വൈകാരിക ചൂഷണം (ചീത്ത വിളിക്കുക, സ്ത്രീയോടോ, അവരുടെ ബന്ധുക്കളോടോ മോശമായ ഭാഷ ഉപയോഗിക്കുക, കുത്തുവാക്കുകൾ പറയുക, വൈകാരികമായി ഭീഷണിപ്പെടുത്തുക).

സാമ്പത്തിക ചൂഷണം (ജോലി ഉപേക്ഷിക്കുവാൻ നിർബന്ധിക്കുക, സാമ്പത്തിക വരുമാന മാർഗ്ഗങ്ങൾ തടസ്സപ്പെടുക, ജോലി സ്ഥലത്തുചെന്ന് ശല്യം ചെയ്യുക, സ്ത്രീധനമോ മറ്റ് നിയമാനുസൃതമല്ലാത്ത ആവശ്യങ്ങളോ സാധിച്ചു നൽകുവാൻ അവളെ നിർബന്ധിക്കുക)

ഭീഷണിക്ക് കാരണമാകുന്ന മേൽ സൂചിപ്പിച്ചിരിക്കുന്ന ഏതൊരു പ്രവർത്തിയും ഗാർഹിക പീഡനമായി കണക്കാക്കപ്പെടുന്നു.

2. ഗാർഹിക അതിക്രമങ്ങളിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005-ന്റെ ആവശ്യം അഥവാ പ്രയോജനം എന്താണ്?

ഗൃഹാന്തരീക്ഷത്തിൽ താമസിക്കുന്ന ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾ ഉൾപ്പെടെയുള്ള ബന്ധുക്കൾക്കും ഉപകാരപ്രദവും ഫലപ്രദവുമായ ആശ്വാസം ഈ നിയമത്തിലൂടെ ലഭ്യമാകുന്നു. ഈ നിയമപ്രകാരം പരാതിക്കാരിയായ സ്ത്രീക്ക് സർക്കാർതല സംവിധാനത്തിലൂടെ ആവശ്യമായ നിയമപരിരക്ഷ ലഭ്യമാക്കുന്നതിനും പ്രശ്നങ്ങൾക്ക് ഉടൻ പരിഹാരം കാണുന്നതിനും സാധിക്കുന്നു. ഇതിനുമുമ്പ് ഗാർഹിക പീഡനം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായൊരു നിയമം ഉണ്ടായിരുന്നില്ല. തന്മൂലം അതൊരു കുറ്റമായി തിരിച്ചറിയപ്പെടാത്തതിനാൽ പീഡനത്തിന് ഇരയാക്കപ്പെട്ടവർക്ക് നീതി ലഭിക്കാതെ, കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ പോകുകയാണ് ഉണ്ടായത്.

3. ഗാർഹിക അതിക്രമങ്ങളിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005-ൽ നിന്നും ആർക്കൊക്കെ പ്രയോജനം ലഭിക്കും?

ഒരേ വീട്ടിൽ താമസിക്കുന്ന പുരുഷനിൽ നിന്നും പീഡനം നേരിടേണ്ടിവന്ന, അല്ലെങ്കിൽ പീഡനം അനുഭവിച്ചുകൊണ്ടിരിക്കുന്ന രക്തബന്ധത്തിൽപ്പെട്ടതോ, വിവാഹബന്ധത്തിലോ, വിവാഹം വഴിയുള്ള ബ്നധത്തിൽപ്പെട്ടതോ, ദത്ത് ബന്ധത്തിൽപ്പെട്ടതോ ആയ എല്ലാ സ്ത്രീകളും ഇതിൽ വിധവകളും കുട്ടികളും ഉൾപ്പെടുന്നു.

കുടുംബാംഗങ്ങളോടൊത്ത് കൂട്ടുകുടുംബമായി താമസിക്കുന്ന വ്യക്തികളും ഈ നിയമത്തിന്റെ പരിധിയിൽപ്പെടുന്നു.

വിവാഹം പോലുള്ള ബന്ധം എന്നതിനർത്ഥം നിയമം അനുശാസിക്കുന്ന തരത്തിൽ വിവാഹം കഴിക്കാതെ ഒരുമിച്ച് താമസിക്കുന്നവർ, സമൂഹത്തിനുമുന്നിൽ ഇരുവരും ദമ്പതികളായിരിക്കുകയും, സ്ഥിരതയുള്ളതും തുടർച്ചയുള്ളതുമായ ബന്ധം ഉണ്ടാകാതിരിക്കുകയും, പൊതുവായ പേരിൽ അറിയപ്പെടുക, പൊതുറേഷൻ കാർഡ്, ഒരേ മേൽവിലാസം, ഒരേ വീട്ടിൽ ഒരുമിച്ച് താമസിക്കുന്നത്, നിശ്ചിതകാലം ഒരുമിച്ച് താമസിക്കുക, ആ ബന്ധത്തിൽ കുട്ടികൾ ഉണ്ടാകുക ഇവയെല്ലാം തന്നെ ഇത്തരം ബന്ധത്തിന് തെളിവായി കരുതാവുന്നതാണ്.

4. ദാമ്പത്യ ജീവിതത്തിലെ കലഹം/അസാരസ്യംമൂലം കഷ്ടത അനുഭവിക്കുന്ന സ്ത്രീകൾക്കുവേണ്ടി നിലവിലുള്ള നിയമങ്ങൾക്ക് ബദലായുള്ളതാണോ ഗാർഹിക അതിക്രമങ്ങളിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം - 2005?

കുടുംബത്തിലുള്ള കലഹം/ചേർച്ചയില്ലായ്മ എന്നിവയിൽ നിന്നും ആശ്വസം നൽകുന്ന, സ്ത്രീകൾക്ക് പ്രയോജനം ലഭിക്കുന്ന ഇന്ത്യൻ പീനൽകോഡ്, ഹിന്ദു വിവാഹ നിയമം, സ്ത്രീധന നിരോധന നിയമം തുടങ്ങിയ നിയമങ്ങൾക്ക് തുരങ്കം വയ്ക്കുന്നതല്ല, മറിച്ച് ഇത്തരം നിയമങ്ങൾ നൽകുന്ന സഹായങ്ങൾക്ക് പുറമേ കൂടുതൽ പരിരക്ഷ ഈ നിയമം നൽകുന്നു.

5. ഗാർഹിക അതിക്രമങ്ങളിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരം ആർക്കൊക്കെ പരാതി ഫയൽ ചെയ്യാൻ കഴിയും?

ഗാർഹിക പീഡനം നടന്നുവെന്നോ, നടന്നു വരുന്നുണ്ടെന്നോ, നടക്കാൻ ഇടയുണ്ടെന്നോ വിശ്വസിക്കാൻ കാരണമുള്ള ഏതൊരു വ്യക്തിക്കും ബന്ധപ്പെട്ട സംരക്ഷണ ഉദ്യോഗസ്ഥനെ വിവരം അറിയിക്കാവുന്നതാണ്. ഇത്തരത്തിൽ വിശ്വാസയോഗ്യമായ വിവരം നൽകുന്ന ഏതൊരു വ്യക്തിക്കും സിവിൽ ആയോ ക്രിമിനൽ ആയോ യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.

6. ഗാർഹിക അതിക്രമങ്ങളിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരം ആർക്കൊക്കെ പരാതിപ്പെടാം?

താഴെ പറയുന്നവർക്കെതിരെ പരാതി നൽകാവുന്നതാണ്.

സ്ത്രീയുമായി ഗാർഹികബന്ധമുള്ള പ്രായപൂർത്തിയായ ഏതൊരു പുരുഷകുടുംബാംഗവും.

ഭർത്താവിന്റെ അല്ലെങ്കിൽ പുരുഷ പങ്കാളിയുടെ ബന്ധുക്കൾ

ഭർത്താവിന്റെ സ്ത്രീകളായ ബന്ധുക്കൾക്കെതിരെ ഭാര്യയ്ക്ക് പരാതി നൽകാവുന്നതാണ്.

ഭർത്താവിന്റെ സ്ത്രീകളായ ബന്ധുക്കൾക്കെതിരെ ഉത്തരവ് നൽകാമെങ്കിലും സെക്ഷൻ 19 (1) പ്രകാരം എതിർകക്ഷിയുടെ ബന്ധുക്കളായ സ്ത്രീയെ പങ്കുവയ്ക്കുന്ന വീട്ടിൽ നിന്നും മാറ്റി താമസിക്കണമെന്നുള്ള ഉത്തരവ് ലഭിക്കുന്നതല്ല. സെക്ഷൻ 19 (1) (ബി) അനുസരിച്ച് എതിർകക്ഷിയുടെ ബന്ധു ഒരു സ്ത്രീ ആണെങ്കിൽ അവരെ പങ്കുവയ്ക്കുന്ന വീട്ടിൽ നിന്നും മാറ്റി താമസിപ്പിക്കുവാൻ എതിർകക്ഷിക്ക് നിർദ്ദേശം നൽകാൻ ആകില്ല.

7. മരുമകൾക്കെതിരെ പരാതി നൽകുവാൻ അമ്മായിഅമ്മയ്ക്ക് കഴിയുമോ? മകനെക്കൊണ്ട് അതിക്രമം ചെയ്യാൻ മരുമകൾ പ്രേരിപ്പിച്ചാൽ മരുമകൾക്കെതിരെ കേസ് കൊടുക്കാം. എന്നാൽ മരുമകളെ വീട്ടിൽ നിന്നും പുറത്താക്കാൻ നിയമം അനുവദിക്കുന്നില്ല.

8. ഗാർഹിക പീഡനത്തിന് ഇരയാകുന്നവർ ആരെയാണ് സമീപിക്കേണ്ടത്?

ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് താങ്കളുടെ ജില്ലയിൽ താഴെ പറയുന്നവരെ സമീപിക്കാവുന്നതാണ്.

(എ) സംരക്ഷണ ഉദ്യോഗസ്ഥൻ (സർക്കാർ വിജ്ഞാപനമനുസരിച്ചുള്ള)

(ബി) സേവന ദാതാവ് (സർക്കാർ വിജ്ഞാപനമനുസരിച്ചുള്ള)

(സി) പോലീസ് ഉദ്യോഗസ്ഥൻ

(ഡി) മജിസ്ട്രേറ്റ്

(ഇ) അഭ്യുദയകാംക്ഷികൾ/പ്രാദേശിക സർക്കാരിതര സംഘടനകൾ എന്നിവർക്ക്, മേൽ സൂചിപ്പിച്ചിരിക്കുന്ന ഏത് ഉദ്യോഗസ്ഥരെയും (എ), (ബി), (സി), (ഡി) പരാതിയുമായി സമീപിക്കാവുന്നതാണ്.

9. ഗാർഹിക അതിക്രമങ്ങളിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരം, ഗാർഹിക പീഡനത്തിന് ഇരയായ ഒരു സ്ത്രീക്ക് പരാതിയുമായി നേരിട്ട് മജിസ്ട്രേറ്റിനെ സമീപിക്കാമോ?

സമീപിക്കാം. ഗാർഹിക പീഡനത്തിന് ഇരയായ ഒരു സ്ത്രീക്ക് പരാതിയുമായി മജിസ്ട്രേറ്റിനെ നേരിട്ട് സമീപിക്കാവുന്നതാണ്. മജിസ്ട്രേറ്റ്, ആ സ്ഥലത്തെ ചുമതലപ്പെട്ട സംരക്ഷണ ഉദ്യോഗസ്ഥന്റെയും ഗാർഹിക അതിക്രമങ്ങളിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരമുള്ള മറ്റു സംവിധാനങ്ങളുടെയും സഹായത്തോടെ ആവശ്യമായ നടപടികൾ ആരംഭിക്കാവുന്നതാണ്.

10. ആരാണ് സംരക്ഷണ ഉദ്യോഗസ്ഥൻ? ഗാർഹിക പീഡനത്തിന് ഇരയായവരെ സുരക്ഷാ ഉദ്യോഗസ്ഥൻ എങ്ങനെയാണ് സഹായിക്കുന്നത്?

ഈ നിയമപ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനത്തിലൂടെ ഒരു വ്യക്തിയെ (സർക്കാർ ഉദ്യോഗസ്ഥൻ/സർക്കാറിതര സംഘടനാ പ്രതിനിധി) സംരക്ഷണ ഉദ്യോഗസ്ഥനായി ഓരോ ജില്ലയിലും നിയമിക്കുന്നു. ഗാർഹിക പീഡനത്തിന് ഇരയായ

സ്ത്രീക്ക് ആവശ്യമായ ശ്രദ്ധയും സംരക്ഷണവും, അവരുടെ പുനരധിവാസവും പ്രസ്തുത ഉദ്യോഗസ്ഥന്റെ ചുമതലയിൽപ്പെട്ടതാണ്. നിയമപ്രകാരമുള്ള പരിരക്ഷ ലഭ്യമാക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും മജിസ്ട്രേറ്റിനെ സഹായിക്കുന്നതിനും, പോലീസിന്റെയും സേവനദാതാക്കളുടെയും സഹായം ലഭ്യമാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു.

11. സംരക്ഷണ ഉദ്യോഗസ്ഥന്റെ ചുമതലകളും കർത്തവ്യങ്ങളും എന്തൊക്കെയാണ്?

ഈ നിയമപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് മജിസ്ട്രേറ്റിനെ സഹായിക്കുക.

ഗാർഹിക അതിക്രമം സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ ഗാർഹിക സംഭവ റിപ്പോർട്ട് തയ്യാറാക്കി മജിസ്ട്രേറ്റിന് നൽകുക. അതിന്റെ പകർപ്പ് സംഭവം നടന്ന പ്രദേശത്തെ പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥനും ആ പ്രദേശത്തെ സേവനദാതാക്കൾക്കും എത്തിച്ചുകൊടുക്കുക.

പരാതിക്കാരി ആവശ്യപ്പെടുന്നപക്ഷം സംരക്ഷണ ഉത്തരവ് ലഭിക്കുന്നതിന് സഹായിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മജിസ്ട്രേറ്റിനുള്ള അപേക്ഷ നിശ്ചിത മാതൃകയിലും രീതിയിലും തയ്യാറാക്കുക.

1987-ലെ ലീഗൽ സർവ്വീസസ് ആക്ട് പ്രകാരം നിയമസഹായം പരാതിക്കാരിക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, പരാതി സമർപ്പിക്കുവാനുള്ള നിശ്ചിതഫോറം സൗജന്യമായി ലഭ്യമാക്കുക.

മജിസ്ട്രേറ്റിന്റെ അധികാരപരിധിയിൽ വരുന്ന, പ്രദേശത്തെ നിയമസഹായം/ കൗൺസിലിംഗ് നൽകുന്ന സേവനദാതാക്കൾ, അഭയമന്ദിരങ്ങൾ, ചികിത്സാസൗകര്യങ്ങൾ എന്നിവ സംബന്ധിച്ച പട്ടിക തയ്യാറാക്കി സൂക്ഷിക്കുക.

പരാതിക്കാരി ആവശ്യപ്പെടുന്നുവെങ്കിൽ സുരക്ഷിതമായ അഭയമന്ദിരം ലഭ്യമാക്കുകയും പരാതിക്കാരിയെ അഭയമന്ദിരത്തിൽ താമസിപ്പിച്ചിരിക്കുന്നുവെന്ന റിപ്പോർട്ട് അഭയമന്ദിരം നിലനിൽക്കുന്ന പ്രദേശം അധികാരപരിധിയിൽ വരുന്ന മജിസ്ട്രേറ്റിനും പോലീസ് സ്റ്റേഷനിലും നൽകുക.

ശരീരത്തിൽ ക്ഷതങ്ങളോ മുറിവുകളോ ഉണ്ടെങ്കിൽ പരാതിക്കാരിയെ വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കുകയും പരിശോധനാ റിപ്പോർട്ട് ഗാർഹിക പീഡനം നടന്ന പ്രദേശം അധികാരപരിധിയിൽ വരുന്ന മജിസ്ട്രേറ്റിനും സ്റ്റേഷനിലും നൽകണം.

1973-ലെ ക്രിമിനൽ പ്രൊസീഡ്യുർ കോഡ് വകുപ്പ് 20 പ്രകാരം സാമ്പത്തിക സഹായം നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും അത് നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.

നിയമപ്രകാരം താഴെ പറയുന്ന ഏതൊരു വ്യക്തിക്കും സംരക്ഷണ ഉദ്യോഗസ്ഥനായി സേവനം അനുഷ്ഠിക്കാവുന്നതാണ്.

1. സംസ്ഥാന സർക്കാരിലെ ഉദ്യോഗസ്ഥൻ

2. സർക്കാരിതര സംഘടനാ പ്രതിനിധി

3. രജിസ്റ്റർ ചെയ്ത സേവനദാതാക്കളുടെ പ്രതിനിധി

സംരക്ഷണ ഉത്തരവിൽ മജിസ്ട്രേറ്റ് നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ മതിയായ കാരണങ്ങളില്ലാതെ സംരക്ഷണ ഉദ്യോഗസ്ഥൻ പരാജയപ്പെടുകയോ, കർത്തവ്യ നിർവ്വഹണത്തിന് തയ്യാറല്ലാതാവുകയോ ചെയ്താൽ അയാൾക്ക് ഒരു വർഷം വരെ തടവോ, 20000 രൂപ വരെ പിഴയോ ഇത് രണ്ടും കൂടിയോ ലഭിക്കാവുന്നതാണ്.

12. ആരാണ് സേവനദാതാവ്? ഗാർഹിക പീഡനത്തിനിരയായവർക്ക് എന്തൊക്കെ സേവനങ്ങളാണ് സേവനദാതാവ് നിർവ്വഹിക്കുന്നത്?

സേവനദാതാവ് എന്നാൽ ഈ നിയമത്തിന്റെ ഉദ്ദേശ്യത്തിലേക്ക് സേവനദാതാവായി സംസ്ഥാന സർക്കാരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഏതൊരു സന്നദ്ധ സംഘടനയോ കമ്പനിയോ ആണ്. ഗാർഹിക പീഡനത്തിനിരയാകപ്പെട്ടവർക്കായി സേവനദാതാവ് താഴെ പറയുന്ന സേവനങ്ങൾ നിർവഹിക്കുന്നു.

അഭയ മന്ദിരം/ഷോർട്ട് സ്റ്റേ ഹോമുകൾ

വൈദ്യസഹായ സൗകര്യങ്ങൾ

കൗൺസിലർ

13. സേവനദാതാവിന്റെ അധികാരങ്ങൾ എന്തൊക്കെയാണ്?

രജിസ്റ്റർ ചെയ്യപ്പെട്ട സേവനതാതാക്കൾക്ക് താഴെ പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കും.

(എ) പരാതിക്കാരി ആവശ്യപ്പെടുന്നുപക്ഷം ഗാർഹിക സംഭവ റിപ്പോർട്ട് തയ്യാറാക്കി സംഭവം നടന്ന പ്രദേശത്തിന്റെ പരിധിയിൽ വരുന്ന മജിസ്ട്രേറ്റിനും സുരക്ഷാ ഉദ്യോഗസ്ഥനും നൽകുക.

(ബി) പരാതിക്കാരിയെ വൈദ്യ പരിശോധനയ്ക്ക് വിധേയമാക്കി പരിശോധനാ റിപ്പോർട്ട് സുരക്ഷാ ഉദ്യോഗസ്ഥനും പോലീസ് സ്റ്റേഷനിലും നൽകുക.

(സി) പരാതിക്കാരിയുടെ ആവശ്യപ്രകാരം പരാതിക്കാരിക്ക് അഭയമന്ദിരം ലഭിച്ചുവെന്ന് ഉറപ്പുവരുത്തുക. ഇതുസംബന്ധിച്ച റിപ്പോർട്ട് സംഭവം നടന്ന പ്രദേശത്തിന്റെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനിൽ നൽകുക.

14. ഗാർഹിക പീഡന നിരോധന നിയമം 2005 പ്രകാരം ലഭ്യമായിട്ടുള്ള ആശ്വാസ നടപടികൾ എന്തൊക്കെ?

ഈ നിയമപ്രകാരം ഗാർഹികാതിക്രമങ്ങൾക്ക് വിധേയരായ സ്ത്രീക്ക് സഹായകരമാകുന്ന തരത്തിലുള്ള ഉത്തരവുകൾ മജിസ്ട്രേറ്റിന് പുറപ്പെടുവിക്കാവുന്നതാണ്.

***താമസഉത്തരവ്***

ഒരുമിച്ച് താമസിക്കുന്ന വീട്ടിൽ അല്ലെങ്കിൽ ഭർത്താവ്/പുരുഷ പങ്കാളി ഏർപ്പാടാക്കി നൽകുന്ന മറ്റ് താമസ സൗകര്യത്തിനുള്ള പരാതിക്കാരിയുടെ അവകാശം സംരക്ഷിക്കുന്നതിനുള്ള ഉത്തരവ്.

നോട്ട് - അതിക്രമത്തിന് ഇരയായ ഒരു സ്ത്രീക്ക് പങ്കുവയ്ക്കുന്ന വീട്ടിൽ താമസിക്കുന്നതിനുള്ള അവകാശം, സ്വത്ത് ഭർത്താവിന്റെ പേരിലുള്ളതാണെങ്കിലോ ഭർത്താവ് വാടകയ്ക്കെടുത്ത് വീടാണെങ്കിലോ അതൊരു കൂട്ടുകുടുംബമായിരിക്കുകയും അവരുടെ ഭർത്താവ് കുടുംബത്തിലെ ഒരു അംഗമാണെങ്കിലോ പരാതിക്കാരിക്ക് ആ വീട്ടിൽ താമസിക്കുന്നതിനുള്ള അവകാശം ഉണ്ട്.

***സംരക്ഷണ ഉത്തരവ്***

ഗാർഹിക പീഡനം തുടരുന്നതിനെതിരെ

പീഡനത്തിനിരയായ സ്ത്രീ താമസിക്കുന്ന സ്ഥലത്തോ തൊഴിൽ ചെയ്യുന്ന സ്ഥലത്തോ ചെല്ലുന്നതിനെതിരെ

അതിക്രമത്തിനിരയായ സ്ത്രീയുടെ സ്വത്ത് വകകൾ നശിപ്പിക്കുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യുന്നത് തടയുക.

***ധനസഹായ ഉത്തരവ്***

ഗാർഹികപീഡനംമൂലം സ്ത്രീക്ക് എന്തെങ്കിലും തരത്തിലുള്ള ചെലവുകൾ വന്നിട്ടുണ്ടെങ്കിൽ അതിൽ വരുമാനനഷ്ടം, ചികിത്സാ ചെലവ് എന്നിവ ഉൾപ്പെടുന്നു.

സ്ത്രീക്കും കുട്ടികൾക്കും ചെലവിന് നൽകുക (കുട്ടികൾ പരാതിക്കാരിയോടൊപ്പമാണെങ്കിൽ)

***നഷ്ടപരിഹാര ഉത്തരവ്***

ഗാർഹിക പീഡനംമൂലമുണ്ടായിട്ടുള്ള ശാരീരികവും മാനസികവുമായ മുറിവുകൾക്ക് പീഡനംമൂലം ജോലി/വരുമാനം നഷ്ടപ്പെട്ടുവെങ്കിൽ

***കസ്റ്റഡി ഉത്തരവ്***

വൈകാരിക ചൂഷണം/ഭീഷണിപ്പെടുത്തൽ എന്നിവ തടയുന്നതിനായി കുട്ടികളുടെ കസ്റ്റഡി താൽക്കാലികമായി വിട്ടുകിട്ടുന്നതിന്.

***ഇടക്കാല എക്സ്-പാർട്ടി ഉത്തരവ്***

പീഡനത്തിനിരയായ സ്ത്രീയുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും വരുംകാലങ്ങളിൽ അതിക്രമം തടയുന്നതിനും.

15. സാമ്പത്തികമായും മറ്റും മാർഗ്ഗങ്ങളില്ലാത്ത, പീഡനത്തിന് ഇരയായ സ്ത്രീകൾക്ക് പരിഹാരത്തിനുവേണ്ടിയുള്ള നിയമനടപടികൾ.

ഒരുപോലീസ് ഉദ്യോഗസ്ഥൻ/സംരക്ഷണ ഉദ്യോഗസ്ഥൻ/സേവനദാതാവ്/മജിസ്ട്രേറ്റ് ഗാർഹിക അതിക്രമം സംബന്ധിട്ട വിവരം സ്വീകരിക്കുകയോ അതിന് ദൃക്സാക്ഷിയാകുകയോ ചെയ്താൽ 1987-ലെ ലീഗൽ സർവ്വീസ് അതോറിറ്റി ആക്ട് പ്രകാരം അവർക്കുള്ള സൗജന്യ നിയമസഹായത്തെക്കുറിച്ച് അതിക്രമത്തിനിരയായ സ്ത്രീയെ അറിയിക്കേണ്ട ചുമതല അവർക്കുണ്ട്. തന്മൂലം സാമ്പത്തിക മാർഗ്ഗങ്ങൾ ഇല്ലെങ്കിൽ പോലും സൗജന്യ നിയമ/ഉപദേശത്തോടെ പരിഹാരത്തിന് ആവശ്യമായ നിയമ നടപടികൾ അവർക്ക് കൈക്കൊള്ളാവുന്നതാണ്.

16. ഗാർഹിക സംഭവ റിപ്പോർട്ട് (DIR) എന്നാൽ എന്ത്?

സംരക്ഷണ ഉദ്യോഗസ്ഥന്/സേവനദാതാവിന് ഗാർഹിക പീഡനം സംബന്ധിച്ച് പരാതിക്കാരി നൽകുന്ന പരാതികൾ രേഖപ്പെടുത്തുവാൻ ഇത് ഉപയോഗിക്കുന്നു. പീഡനം റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നതിനുള്ള രേഖയാണിത്. സംരക്ഷണ ഉദ്യോഗ സ്ഥൻ/രജിസ്റ്റർ ചെയ്തിട്ടുള്ള സേവനദാതാവ് ഫോറം പൂരിപ്പിച്ച് ഒപ്പുവയ്ക്കേണ്ടതാണ്. ഇത് ഒരു പൊതുരേഖയാണ്.

17. DIR എപ്രകാരമാണ് രേഖപ്പെടുത്തുന്നത്?

പരാതിക്കാരിയായ സ്ത്രീയുടെ മൊഴി സംബന്ധിച്ച് വിശ്വാസയോഗ്യമായ രേഖയായി കണക്കാക്കപ്പെടുന്നു. ഇതുകൊണ്ട് അർത്ഥമാക്കുന്നത്, പരാതികൾ യാതൊരു മുൻവിധികളും കൂടാതെ പരാതിപ്പെടുന്ന രീതിയിൽതന്നെ നിയമത്തിനുള്ളിൽ നിന്നുകൊണ്ട് രേഖപ്പെടുത്തേണ്ടതാണ്. പരാതിക്കാരിയായ സ്ത്രീ സംഭവം വിശദീകരിക്കാവുന്ന അവസ്ഥയിൽ അല്ലായെങ്കിൽ സംരക്ഷണ ഉദ്യോഗസ്ഥന് അവരെ പിന്നീട് ഒരവസരത്തിൽ വിളിച്ച് രേഖപ്പെടുത്താവുന്നതാണ്. ഓരോ സ്ത്രീയുടെയും സന്ദർശനം സംബന്ധിച്ച് വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി സംരക്ഷണ ഉദ്യോഗസ്ഥന് ഒരു ദൈനംദിന ഡയറി സൂക്ഷിക്കാവുന്നതാണ്.

18. രേഖപ്പെടുത്തിക്കഴിഞ്ഞാൽ അടുത്ത നടപടികൾ എന്തൊക്കെയാണ്?

DIR സംരക്ഷണ ഉദ്യോഗസ്ഥനൻ മജിസ്ട്രേറ്റിന് നൽകേണ്ടതാണ്. DIR-ന്റെ പകർപ്പ് സംഭവം നടന്ന പ്രദേശത്തെ പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥന് നൽകുക. പരാതിക്കാരിയുടെ താൽപര്യപ്രകാരം സേവനദാതാവിന് DIR രേഖപ്പെടുത്തി അതിന്റെ പകർപ്പ് സംരക്ഷണ ഉദ്യോഗസ്ഥനും മജിസ്ട്രേറ്റിനും നൽകാവുന്നതാണ്. DIR രേഖപ്പെടുത്തിയതിനുശേഷം സംരക്ഷണ ഉദ്യോഗസ്ഥൻ/ സേവനദാതാവിന് പരാതിക്കാരിയുടെ ആഗ്രഹപ്രകാരം ആശ്വാസ നടപടികൾക്കായി അപേക്ഷ ഫയൽ ചെയ്യുന്നതിന് അവരെ സഹായിക്കുവാൻ സാധിക്കുന്നതാണ്. ഇത്തരം കേസുകളിൽ കോടതിയിൽ അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം DIR അനുബന്ധമായി ചേർക്കേണ്ടതാണ്.

19. പരാതിക്കാരിക്കോ അവരുടെ DIR അഭിഭാഷകനോ പൂരിപ്പിക്കാൻ കഴിയുമോ?

ഇല്ല. സംരക്ഷണ ഉദ്യോഗസ്ഥനോ രജിസ്റ്റർ ചെയ്തിട്ടുള്ള സേവനദാതാവിനോ മാത്രമേ പൂരിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇതിനായുള്ള ഫോറം1-ൽ രണ്ടു പേരിലൊരാളുടെ ഒപ്പും ആവശ്യമാണ്. മാത്രവുമല്ല, ഒരു പൊതുരേഖയായതിനാൽ ഒരു പൊതുജനസേവകന് മാത്രമേ അത് പൂരിപ്പിക്കാൻ കഴിയുകയുള്ളൂ. ഇപ്രകാരമുള്ള കർത്തവ്യ നിർവ്വഹണ സമയത്ത് എല്ലാ സംരക്ഷണ ഉദ്യോഗസ്ഥരും സേവനദാതാക്കളായ സംഘടനാ അംഗങ്ങളും പൊതുജന സേവകരായി 30-ാം വകുപ്പ് വിഭാവന ചെയ്യുന്നു.

20. പരാതിക്കാരിക്ക് അപേക്ഷ ഫയൽ ചെയ്യാൻ സാധിക്കുമോ?

സാധിക്കും. DIR ഫയൽ ചെയ്യാതെ തന്നെ പരാതിക്കാരിയായ സ്ത്രീക്ക് പരിഹാര നടപടികൾക്കായി അപേക്ഷ ഫയൽ ചെയ്യാവുന്നതാണ്.

21. പരാതിക്കാരിയായ സ്ത്രീ, പരിഹാരത്തിനായി നേരിട്ട് അപേക്ഷ നൽകി കേസ് ഫയൽ ചെയ്തു കഴിഞ്ഞാൽ മജിസ്ട്രേറ്റ് DIR ആവശ്യപ്പെടേണ്ടതുണ്ടോ?

കോടതിയിൽ അപേക്ഷ ഫയൽ ചെയ്ത് കഴിഞ്ഞാൽ എന്നത് ഒരു കഴിഞ്ഞ കാര്യമായതിനാലും അതിന്റെ ഉദ്ദേശ്യം (അതിക്രമം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുക) നിലനിൽക്കാത്തതിനാലും DIR ന്റെ ആവശ്യം ഇല്ല. ഒരിക്കൽ പരാതി കോടതിയിൽ സമർപ്പിച്ചു കഴിഞ്ഞാൽ മജിസ്ട്രേറ്റിന് ആവശ്യമായ സാഹചര്യത്തിൽ 10 (1) വകുപ്പ് പ്രകാരം റിപ്പോർട്ട് അല്ലെങ്കിൽ പരാതിക്കാരിയുടെ വീട് സന്ദർശിക്കുന്നതിന് സംരക്ഷണ ഉദ്യോഗസ്ഥനോട് ഉത്തരവിടാവുന്നതാണ്.

22. DIR രേഖപ്പെടുത്തുമ്പോൾ സംരക്ഷണ ഉദ്യോഗസ്ഥന് പരാതിക്കാരിയുടെ ഗൃഹം സന്ദർശിക്കാൻ കഴിയുമോ?

ഇല്ല. കോടതി ഉത്തരവില്ലാതെ സംരക്ഷണ ഉദ്യോഗസ്ഥന് ഭവന സന്ദർശനം നടത്താൻ കഴിയില്ല.

23. ഗാർഹിക പീഡനത്തിനിരയാകപ്പെട്ട സ്ത്രീക്ക് പരിഹാരം നൽകുന്നതിൽ പ്രതിയുടെ മുൻകാല പെരുമാറ്റദൂഷ്യം സംബന്ധിച്ച രേഖയ്ക്ക് എന്തെങ്കിലും പ്രസക്തിയുണ്ടോ?

ഉണ്ട്. ഈ നിയമപ്രകാരം ഗാർഹികാതിക്രമത്തിനിരയായ സ്ത്രീക്ക് എക്സ്-പാർട്ടി/ഇടക്കാല ആശ്വാസ നടപടികളും മറ്റ് അനന്തര പരിഹാരങ്ങളും തീരുമാനിക്കുന്നതിനും, ഇരയായ സ്ത്രീയുടെ ഭാവി സുരക്ഷിതമാക്കുന്നതിനാവശ്യമായ സുരക്ഷാ നടപടികൾ രൂപീകരിക്കുന്നതിലും നിർണ്ണയിക്കുന്നതിലും പ്രതിയുടെ മുൻകാല സ്വഭാവത്തിന് പ്രസക്തിയുണ്ട്.

24. ഗാർഹിക അതിക്രമങ്ങളിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005, മറ്റ് ഭൂനിയമങ്ങൾ മുതലായവ പ്രകാരം വിവാഹം ചെയ്തയച്ച വീട്ടിൽ അത് പങ്കുവയ്ക്കുന്ന വീടാണെങ്കിൽ ഗാർഹികാതിക്രമത്തിനിരയാകുന്ന സ്ത്രീക്ക് എന്ത് അവകാശമാണുള്ളത്?

പങ്ക്വയ്ക്കുന്ന (ഒരുമിച്ച് താമസിക്കുന്ന) വീട്ടിൽ സ്വത്ത് ഭർത്താവിന്റെ പേരിലുള്ളതാണെങ്കിലോ ഭർത്താവ് വാടകയ്ക്കെടുത്ത വീടാണെങ്കിലോ അതൊരു കൂട്ടുകുടുംബമായിരിക്കുകയും അവരുടെ ഭർത്താവ് കുടുംബത്തിലെ ഒരു അംഗമാണെങ്കിലോ പരാതിക്കാരിക്ക് ആ വീട്ടിൽ താമസിക്കുന്നതിനുള്ള അവകാശം ഉണ്ട്.

25. ഈ നിയമ നിർമ്മാണത്തിന് ശേഷവും ഗാർഹിക പീഡനത്തിനിരയായ സ്ത്രീക്ക് ഇന്ത്യൻ പീനൽ കോഡ് വകുപ്പ് 498 എ (ഭർത്തവിന്റെയും അയാളുടെ ബന്ധുക്കളിൽ നിന്നുമുള്ള ക്രൂരത) പ്രകാരം നിയമനടപടികൾ സ്വീകരിക്കുന്നതിനു സാധിക്കുമോ?

അതിക്രമത്തിനിരയായ സ്ത്രീക്ക് നിയമത്തിന്റെ ഏത് വ്യവസ്ഥകൾ പ്രകാരം മുന്നോട്ടു നീങ്ങണമെന്ന് അവരുടെ പരമമായ ലക്ഷ്യത്തിനനുസരിച്ച് തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്. ഗാർഹിക അതിക്രമങ്ങളിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005-ന്റെ കീഴിലുള്ള വ്യവസ്ഥകൾ വകുപ്പ് 198 എ, ഐപിസി ഉൾപ്പെടെ

നിലവിലുള്ള നിയമങ്ങൾക്ക് പുറമെയുള്ളതാണ്. ആവശ്യമായ നിയമോപദേശങ്ങൾ സ്വീകരിച്ചതനുസരിച്ച് പരാതിക്കാരിക്ക് തന്റെ നടപടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

26. ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് പോലീസിനുള്ള ചുമതലകൾ എന്തൊക്കെയാണ്?

പരാതി സ്വീകരിച്ച് കഴിഞ്ഞാലുടൻ താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരാതിക്കാരിയെ അറിയിക്കേണ്ടതാണ്.

സംരക്ഷണ ഉദ്യോഗസ്ഥന് അപേക്ഷ നൽകാനുള്ള അവരുടെ അവകാശം.

സേവനദാതാക്കളുടെ സേവനങ്ങളുടെ ലഭ്യത

സംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനങ്ങളുടെ ലഭ്യത

ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ നിന്നുള്ള സൗജന്യ നിയമ സഹായം

ഐപിസി 498 എ വകുപ്പ് പ്രകാരം പരാതി നൽകുവാനുള്ള അവകാശം

എഫ്.ഐ.ആർ. തയ്യാറാക്കി ക്രിമിനൽ നടപടികൾ കൈക്കൊള്ളുവാനുള്ള അവകാശം

പരാതിക്കാരിക്ക് ക്രിമിനൽ നടപടികൾക്ക് താൽപര്യമില്ലായെങ്കിൽ പരാതിക്കാരി സിവിൽ പരിഹാരം ആവശ്യപ്പെടുന്നതായി സ്റ്റേഷൻ ഡയറിയിൽ രേഖപ്പെടുത്തുക

ഗാർഹിക സംഭവ റിപ്പോർട്ട് തയ്യാറാക്കുവാൻ സഹായിക്കുക

19-ാം വകുപ്പ് പ്രകാരം പരാതിക്കാരിക്കുള്ള സംരക്ഷണം

കോടതിയിൽനിന്ന് നിർദ്ദേശിക്കുന്നുവെങ്കിൽ സംരക്ഷണ ഉത്തരവ് നടപ്പിലാക്കുന്നതിന് സഹായിക്കുക

സംരക്ഷണ ഉദ്യോഗസ്ഥൻ അപേക്ഷിക്കുന്നപക്ഷം ഡിഐആർ രേഖപ്പെടുത്തുന്നതിൽ ആവശ്യമായ സഹായങ്ങൾ നൽകുക

പീഡനത്തിന് പ്രതി ഉപയോഗിച്ച ആയുധം കണ്ടുകെട്ടുന്നതിന് സംരക്ഷണ ഉദ്യോഗസ്ഥന് പോലീസിന്റെ സഹായം തേടാവുന്നതാണ്.

സംരക്ഷണ ഉത്തരവ് സംഘനം സംബന്ധിച്ച് പരാതിക്കാരിക്കോ സംരക്ഷണ ഉദ്യോഗസ്ഥനോ പോലീസിൽ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഇതനുസരിച്ച് 31/32 (റൂൾ-15) വകുപ്പുകൾ പ്രകാരം എഫ്.ഐ.ആർ. ഫയൽ ചെയ്ത് ക്രിമിനൽ നടപടി കൈക്കൊള്ളേണ്ടതാണ്.

ഡിഐആർ-ന്റെ പകർപ്പ് സംഭവം നടന്ന പ്രദേശത്തെ പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള പോലീസ് ഉദ്യോഗസ്ഥന് നൽകുക

27. രാത്രിയിലാണ് പീഡനം നടക്കുന്നതെങ്കിലോ വിവാഹം ചെയ്തയച്ച ഗൃഹത്തിൽനിന്നും ഒരു സ്ത്രീയെ രാത്രിയിൽ പുറത്താക്കുകയാണെങ്കിലോ എന്ത് ചെയ്യാൻ സാധിക്കും?

ഗാർഹികാതിക്രമവുമായി ബന്ധപ്പെട്ട സംഭവം ഉണ്ടായാൽ അതിനിരയായ

സ്ത്രീക്കോ അവർക്കുവേണ്ടി മറ്റാർക്കെങ്കിലുമോ ടെലിഫോണിലൂടെയോ മറ്റ് മാധ്യമങ്ങളിലൂടെയോ സംരക്ഷണ ഉദ്യോഗസ്ഥൻ/സേവനദാതാവ്/അടുത്തുള്ള പോലീസ് സ്റ്റേഷൻ/ജുഡീഷ്യൽ മജിസ്ട്രേറ്റ് എന്നിവരെ വിവരമറിയിക്കാവുന്നതാണ്. ഇന്ത്യാ ഗവൺമെന്റിന്റെ വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ ആപത്തിൽപ്പെട്ട സ്ത്രീകളെ സഹായിക്കുന്നതിനായുള്ള സ്വധാർ പദ്ധതി പ്രകാരമുള്ള ടോൾ ഫ്രീ നമ്പറിലേയ്ക്കും വിവരം നൽകാവുന്നതാണ്. മേൽപറഞ്ഞ ഉദ്യോഗസ്ഥരിലാരെങ്കിലും ഗാർഹിക സംഭവ റിപ്പോർട്ട് തയ്യാറാക്കുകയും, സ്ത്രീക്ക് സുരക്ഷ ഉറപ്പ് വരുത്താനും തുടർന്ന് അതിക്രമം ഉണ്ടാകുന്നത് തടയുന്നതിനുമായി ഈ റിപ്പോർട്ട് ഉടൻ തന്നെ മജിസ്ട്രേറ്റിന് സമർപ്പിക്കേണ്ടതുമാണ്. ഗാർഹികപിഡനം നടക്കുന്നുണ്ടെന്ന് മനസ്സിലാകുന്ന സാഹചര്യങ്ങളിൽ സംരക്ഷണ ഉദ്യോഗസ്ഥൻ/സേവനദാതാവ് പോലീസിന്റെ സഹായത്തോടെ സ്ഥലത്തെത്തി ഡിഐആർ തയ്യാറാക്കി ഉടൻ തന്നെ മജിസ്ട്രേറ്റിന് സമർപ്പിക്കേണ്ടതാണ്.

28. ഗാർഹിക പീഡന നിരോധന നിയമപ്രകാരം സ്ത്രീ നൽകുന്ന പരാതിയിന്മേൽ എത്ര സമയത്തിനുള്ളിൽ മജിസ്ട്രേറ്റ് തീർപ്പ് കൽപ്പിച്ചിരിക്കണം?

കോടതിയിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷയിന്മേൽ മൂന്നു ദിവസത്തിനുള്ളിൽ എതിർകക്ഷിക്ക് നോട്ടീസ് നൽകേണ്ടതാണ്. കൃത്യമായ ഒരു സമയപരിധി പറയുന്നില്ലെങ്കിൽപോലും പരാതി സംബന്ധിച്ച് ആദ്യവാദം കേൾക്കുന്ന തീയതി മുതൽ 60 ദിവസത്തിനുള്ളിൽ പരാതിയിന്മേൽ തീർപ്പ് കൽപ്പിക്കേണ്ടത് മജിസ്ട്രേറ്റിന്റെ ഉത്തരവാദിത്തമാണ്.

29. ഗാർഹിക പീഡനത്തിനിരയായ സ്ത്രീക്ക് ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം അനുവദിക്കാൻ മജിസ്ട്രേറ്റിന് കഴിയുമോ?

മറ്റ് സാമ്പത്തിക സഹായത്തിന് പുറമെ ഗാർഹിക പീഡനത്തിനിരയായ സ്ത്രീക്ക് പീഡനംമൂലം ഉണ്ടാകുന്ന ശാരീരികക്ഷതങ്ങൾ, മാനസിക പീഡനം, വൈകാരിക ക്ലേശം തുടങ്ങിയവയ്ക്ക് നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.

30. ഗാർഹിക അതിക്രമങ്ങളിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരമുള്ള കോടതി ഉത്തരവ് ആരെങ്കിലും അനുസരിക്കാതിരിക്കുകയോ ലംഘിക്കുകയോ ചെയ്യുകയാണെങ്കിൽ എന്തുചെയ്യും?

മജിസ്ട്രേറ്റ് പുറപ്പെടുവിച്ച കോടതി ഉത്തരവ് എതിർകക്ഷി അനുവദിക്കാതിരിക്കുകയോ ലംഘിക്കുകയോ ചെയ്താൽ അയാൾക്ക് ഒരു വർഷംവരെ തടവും 20000 രൂപ വരെ പിഴയും ഈടാക്കാവുന്നതാണ്.

31. തന്റെ പ്രദേശത്ത് സംരക്ഷണ ഉദ്യോഗസ്ഥനെയോ സേവനദാതാവിനെയോ നിയമിച്ചിട്ടില്ലായെങ്കിൽ, അഥവാ ഗാർഹിക പീഡനത്തിന് ഇരയായ സ്ത്രീക്ക് അവരെക്കുറിച്ച് അറിയില്ലായെങ്കിൽ അവൾക്ക് എന്തുചെയ്യാൻ സാധിക്കും?

തന്റെ പ്രദേശത്ത് സംരക്ഷണ ഉദ്യോഗസ്ഥനെയോ, സേവനദാതാവിനെയോ നിയമിച്ചിട്ടില്ലായെങ്കിൽ പരാതിക്കാരിയായ സ്ത്രീക്ക് നേരിട്ട് പോലീസിനെ സമീപിച്ച് അവരുടെ എഫ്.ഐ.ആർ./ഡി.ഐ.ആർ. രേഖപ്പെടുത്താവുന്നതാണ്. ഇത് പോലീസ്

ഉദ്യോഗസ്ഥൻ ഉടൻതന്നെ മജിസ്ട്രേറ്റിന് നൽകുന്നതാണ്. അല്ലെങ്കിൽ പരാതിക്കാരിക്ക് പരാതിയുമായി നേരിട്ട് മജിസ്ട്രേറ്റിനെ സമീപിക്കാവുന്നതാണ്.

32. എന്താണ് പങ്കുവയ്ക്കുന്ന/ഒരുമിച്ച് താമസിക്കുന്ന വീട്?

ഗാർഹീകാന്തരീക്ഷത്തിൽ സ്ത്രീയും പുരുഷനും ഒരുമിച്ച് താമസിക്കുന്ന അല്ലെങ്കിൽ ഒരുമിച്ച് താമസിച്ചിരുന്ന വീടാണ് പങ്കുവയ്ക്കുന്ന വീട് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. നേരത്തെ പുറത്താക്കപ്പെട്ടതാണെങ്കിൽ ഒരു പക്ഷേ പരാതിയുമായി സമീപിക്കുന്ന അവസരത്തിൽ അവർ ഒരുമിച്ച് ആ വീട്ടിൽ താമസിക്കണമെന്നില്ല. അത്തരം സാഹചര്യങ്ങളും ഗാർഹികബന്ധം നിലനിൽക്കുന്നതായി കണക്കാക്കി ഗാർഹിക അതിക്രമങ്ങളിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 പ്രകാരമുള്ള പരിഹാര നടപടികൾക്ക് ആ സ്ത്രീക്ക് അർഹത ഉണ്ടായിരിക്കും. ഒരുമിച്ച് താമസിച്ച വീട് സ്ത്രീയുടെയോ പുരുഷന്റെയോ പേരിൽ ആകണമെന്നില്ല. ഇന്ത്യയിൽ കുടുംബത്തിന്റെ പൊതുസ്വഭാവം എന്നത് ഒന്നോ ഒന്നിൽ കൂടുതലോ തലമുറയിൽപ്പെട്ട ആളുകൾ ഭാര്യയോടും മക്കളോടും കൂടി ഒരു മേൽക്കൂരയ്ക്ക് കീഴിൽ താമസിക്കുന്ന കൂട്ടുകുടുംബം ആയിരിക്കും. പരാതിക്കാരിയുടെ ഭർത്താവ് അത്തരം ഒരു കൂട്ടുകുടുംബത്തിലാണ് താമസിക്കുന്നതെങ്കിൽ ആ വീട് സ്ത്രീയുടെ പങ്കുവയ്ക്കുന്ന വീടായി കണക്കാക്കുന്നതാണ്. 'തങ്ങളുടെ പിതാവിൽനിന്നോ മുൻഗാമികളിൽ നിന്നോ പൈതൃകമായി കിട്ടയ വീട്ടിൽ താമസിക്കുന്ന സഹോദരിമാരും പങ്കുവയ്ക്കുന്ന വീട്ടിലാണ് താമസിക്കുന്നത്. മേൽ വിവരിച്ചതുപോലെ വിവാഹ ബന്ധത്തിലോ മറ്റ് ഗാർഹിക ബന്ധത്തിലോ ഒരു സ്ത്രീക്ക് അതിക്രമം നടത്തിയ വ്യക്തിയുമായി ഒരുമിച്ച് താമസിച്ചിരുന്നുവെന്ന് തെളിയിച്ചാൽമതി.

33. സെക്ഷൻ 2 (എസ്)ൽ ഉപയോഗിച്ചിരിക്കുന്ന താമസിക്കുന്ന അല്ലെങ്കിൽ താമസിച്ചിരുന്ന എന്ന പ്രയോഗത്തിന്റെ അർത്ഥം എന്താണ്?

ജീവന്ത് പാണ്ഡെ കിഷൻ ചന്ദ്ര പാണ്ഡെ കേസിൽ ഉപയോഗിച്ചിരിക്കുന്ന 'വസിക്കുക' എന്ന അതേ അർത്ഥം തന്നെയാണ് 'താമസിക്കുന്ന' അല്ലെങ്കിൽ 'താമസിച്ചിരുന്ന' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഹിന്ദു വിവാഹ നിയമത്തിലെ വകുപ്പ് 19 (ശശശ)ലെ വസിക്കുന്ന എന്ന പദം വ്യാഖ്യാനിക്കുന്ന വേളയിൽ ബഹു. സുപ്രീം കോടിത താഴെ പറയുംവിധം നിരീക്ഷിക്കുകയുണ്ടായി.

സാധാരണനിലയിൽ വീട് എന്നത് ഒരു സ്ഥിരം സ്വഭാവമുള്ള ഒന്നാണ്. വസിക്കുക എന്നതിനർത്ഥം കുറച്ചധികം കാലത്തേയ്ക്കുള്ള പാർപ്പിടം സജ്ജമാക്കുക, ദീർഘകാലത്തേയ്ക്ക് അല്ലെങ്കിൽ സ്ഥിരമായി താമസിക്കുക, ഒരു പ്രത്യേക സമയത്തേയ്ക്ക് താമസിക്കുക എന്നതാണ്. താമസസ്ഥലം എന്നത് ഒരു വ്യക്തിയുടെ സ്ഥിരം വീട് ആണ്.

അത്തരത്തിൽ ഒരു സ്ഥിരം വീട് ഒരാൾക്കുള്ളപ്പോൾ അയാളുടെ യഥാർത്ഥത്തിലുള്ളതും നിയമപരമായുള്ളുതമായ വാസസ്ഥലം അതുതന്നെ ആയിരിക്കും. അയാൾ താൽക്കാലികമായി പോകുന്ന ഇടങ്ങളോ ഹ്രസ്വസന്ദർശനം നടത്തുന്ന സ്ഥലങ്ങളോ അയാളുടെ വീട് ആണെന്ന് പറയാൻ സാധിക്കില്ല. പക്ഷേ സ്ഥിരമായി വീട് ഇല്ലാത്ത

ഒരാൾക്ക് അയാളുടെ വാസസ്ഥാനം അയാൾ യഥാർത്ഥത്തിൽ എവിടെയാണോ ഉള്ളത് അവിടെ തന്നെ ആയിരിക്കും.

34. താമസിക്കുവാനുള്ള അവകാശം പ്രതിയുടെ സ്വത്തവകാശത്തെ ബാധിക്കുമോ?

പ്രതിയുടെ പേരിൽനിന്നും പരാതിക്കാരിയുടെ പേരിലേയ്ക്ക് സ്വത്ത് മാറ്റുന്നതിനോ, സ്വത്തിന്മേൽ സ്ഥിരമായ അവകാശം സ്ത്രീക്ക് നൽകുന്നതിനോ സാധിക്കില്ല. താമസ ഉത്തരവ് പങ്ക് വയ്ക്കുന്ന വീട്ടിൽ താമസിക്കുന്നതിനോ അല്ലെങ്കിൽ പുറത്താക്കുന്നതു തടയുന്നതിനോ അവളെ പ്രാപ്തയാക്കുന്നു. കുറ്റം ആരോപിക്കുന്നയാൾ, വീട് അയാളുടെ പേരിൽ ആണെങ്കിൽ പോലും വീട്ടിനുള്ളിൽ പ്രവേശിക്കുന്നത് തടയുവാൻ സാധിക്കുന്നു. (തുടർന്നും അതിക്രമം കാണിക്കുന്നത് തടയുന്നതിനുള്ള മുൻകരുതൽ എന്ന നിലയിൽ)

35. ഗാർഹിക പീഡനത്തിനിരയായ സ്ത്രീ തുടർന്നും അതിക്രമം ഭയന്ന് ഒരുമിച്ച് താമസിക്കുന്ന വീട്ടിൽ കഴിയുവാൻ തയ്യാറല്ലായെങ്കിൽ, അവർക്ക് ഈ നിയമപ്രകാരം മാറി താമസിക്കുവാൻ കോടതിയോട് ആവശ്യപ്പെടാമോ?

ആവശ്യപ്പെടാം. സെക്ഷൻ 19 (1) (എഫ്) പ്രകാരം സാധിക്കുന്നതാണ്. ഭർത്താവ് വാടകയ്ക്ക് താമസിക്കുകയാണെങ്കിലോ, ഔദ്യോഗിക വസതിയിലാണ് താമസിക്കുന്നതെങ്കിലോ പങ്ക് വയ്ക്കുന്ന വീട്ടിൽ ഒരുമിച്ച് താമസിക്കുവാൻ ഉള്ള സാഹചര്യത്തിൽ അല്ല എന്നു കാണിക്കുന്നതിനായി വീട്/ജോലി ഉപേക്ഷിക്കാവുന്ന കേസുകളിലോ എല്ലാം മേൽപ്പറഞ്ഞ വ്യവസ്ഥ സ്ത്രീക്ക് പ്രയോജനകരമാണ്.